# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പുറത്തൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.MPM.24/442/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 29/03/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുറത്തൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുറത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുറത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.MPM.24/442/2023 തീയ്യതി: 29/03/2023

## മലപ്പുറം ജില്ലയിലെ പുറത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പുറത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 11-06-2022 മുതൽ 26-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 27-02-2023 | 07-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 27-02-2023 | 07-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.റിഷിൽ.പി.ഓഡിറ്റ് ഓഫീസർ

ശ്രീ.ആലസ്സൻക്കുട്ടി യു. സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. ഇദ്രീസ് അബ്ദുള്ള എ.സി, ഓഡിറ്റർ

ശ്രീ. ബിജീഷ് മോഹൻ ടി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ശ്രീനിവാസൻ.സി.ഒ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.ഹരിദാസൻ.പി.എസ്. | സെക്രട്ടറി | 01-04-2021 | 02-02-2022 |
| ശ്രീമതി.റീന.എ.എം. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-02-2022 | 06-03-2022 |
| ശ്രീമതി. സിന്ധു ആർ ദാസ് | സെക്രട്ടറി | 07-03-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.റീന.എ.എം. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ.രാജീവ്.പി.ഒ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ.അഭിജിത്ത്.വി.എ. | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീ.ആൻസോ.സി. | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീമതി. ലീന പി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.പ്രേംകൃഷ്ണൻ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ.ഷംജിത | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി)) | 01-04-2021 | 31-03-2022 |
| ശ്രീ.മുഹമ്മദ് സാലിം | ഹെഡ് മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ഹസ്ന.കെ. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ.ഷാജിത്ത്.കെ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീ.ശ്യാമാധരൻ.എസ്. | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | ഗ്രാന്റ് വിനിയോഗം | 1-4-1 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | അഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 13 | രസീത് ബുക്കുകളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തേണ്ടതാണ് | 1-12 |
| 14 | ഭരണസമിതി അംഗീകരിച്ച നിരക്കിന് വിരുദ്ധമായി ലൈസൻസ് ഫീ ഈടാക്കുന്നു | 1-13 |
| 15 | വസ്തുനികുതി നിർണ്ണയം - വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ് വരുത്തിയില്ല. | 1-14 |
| 16 | ചട്ടങ്ങൾ പാലിക്കാതെ തയ്യാറാക്കിയ പ്ലാൻ അംഗീകരിച്ച് കെട്ടിട നിർമ്മാണാനുമതി നൽകി | 1-15 |
| 17 | സ്കൂളിൽ ലാബ് സജ്ജീകരിക്കൽ-ലാബ് ഉപകരണങ്ങൾ ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് വാങ്ങി. | 1-16 |
| 18 | വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. | 1-17 |
| 19 | MGNREGS ഓഫീസിലേക്ക് അലമാര  വാങ്ങൽ-ടെണ്ടർ നടപടികൾ പാലിച്ചില്ല. | 1-18 |
| 20 | പ്രവർത്തനക്ഷമമല്ലാത്ത തെരുവ് വിളക്കുകൾ | 1-19 |
| 21 | ലൈഫ് ഭവനപദ്ധതി 'റവന്യൂ രേഖകളിൽ 'Wet Land' എന്ന് രേഖപ്പെടുത്തിയ ഭൂമിയിൽ വീട് നിർമ്മാണത്തിന് ധനസഹായം നൽകി | 1-20 |
| 22 | ലൈഫ്-ഭൂരഹിത-ഭവനരഹിത വിഭാഗക്കാർക്ക് സ്ഥലം വാങ്ങൽ പദ്ധതി-അപാകതകൾ | 1-21 |
| 23 | ബയോബിൻ വിതരണം- പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-22 |
| 24 | നാപ്കിൻ ഇൻസിനറേറ്റർ സ്ഥാപിക്കൽ -പദ്ധതി നിർവ്വഹണത്തിലെ | 1-23 |

| | | |
|---|---|---|
| | അപാകതകൾ | |
| 25 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം-സർക്കാർ മാർഗ്ഗ നിർദേശങ്ങൾ പാലിച്ചില്ല. | 1-24 |
| 26 | പോഷകാഹാര വിതരണം ( ജനറൽ)- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ. | 1-25 |
| 27 | പരിരക്ഷാ പദ്ധതി നടത്തിപ്പിലെ അപാകതകൾ. | 1-26 |
| 28 | വീട് വാസയോഗ്യമാക്കൽ ധനസഹായം നൽകി-നാളിതുവരെ പ്രവർത്തിപൂർത്തീകരിച്ചില്ല. | 1-27 |
| 29 | സർക്കാർ മാർഗ്ഗ നിർദേശങ്ങൾ പാലിക്കാതെ വിവാഹ ധനസഹായം നൽകി | 1-28 |
| 30 | ഹരിതകർമ്മസേന-പ്രവർത്തനം-പുരോഗതി | 1-29 |
| 31 | SC വിദ്യാർത്ഥികൾക്ക് മെറിട്ടോറിയസ് സ്കോളർഷിപ്പ് -സർക്കാർ മാർഗ്ഗ നിർദേശങ്ങൾ പാലിച്ചില്ല | 1-30 |
| 32 | ആശ്രയ പദ്ധതി-പ്രവർത്തന പുരോഗതിയുണ്ടായില്ല. | 1-31 |
| 33 | വൃക്കരോഗികൾക്ക് ധനസഹായം-ജില്ലാ പഞ്ചായത്തിന് വിഹിതം നൽകിയ തുകക്കുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. | 1-32 |
| 34 | തൃത്തല്ലൂർ അങ്കൺവാടി ചുറ്റുമതിൽ നിർമ്മാണം, റൂഫിംഗ് -കരാറുകാരന് അധികം നൽകിയത് 5032 രൂപ | 1-33 |
| 35 | 65 ാം നമ്പർ (വാർഡ് 10) അങ്കൺവാടി ചുറ്റുമതിൽ നിർമ്മാണം ,ഗേറ്റ് സ്ഥാപിക്കൽ -കരാറുകാരന് അധികം നൽകിയത് 16014 രൂപ | 1-34 |
| 36 | സിമന്റ് കോൺക്രീറ്റ് - അധിക നിരക്ക് നൽകി- കരാറുകാർക്ക് അധികം നൽകിയത് 13,152 രൂപ | 1-35 |
| 37 | GWLPS റോഡ് കൈവരി സ്ഥാപിക്കൽ പ്രവൃത്തി- അധിക തുക നൽകി - നഷ്ടം 17503 രൂപ | 1-36 |
| 38 | വി.സി.ബി കളുടെ പരിപാലനം - അധിക നിരക്ക് നൽകി-കരാറുകാരന് അധികം നൽകിയത് - 48270 രൂപ | 1-37 |
| 39 | അങ്കൺവാടി നമ്പർ 55 പുനരുദ്ധാരണം -ചെയ്യാത്ത പ്രവൃത്തികൾക്ക് തുക നൽകി -മറ്റ് അപാകതകൾ- കരാറുകാരന് അധികം നൽകിയത് 18737 രൂപ | 1-38 |
| 40 | സ്റ്റീൽ വർക്ക് പ്രവൃത്തികൾക്ക് അധിക നിരക്ക് നൽകി - കരാറുകാർക്ക് അധികം നൽകിയത് 8416 രൂപ | 1-39 |
| 41 | റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല | 1-40 |
| 42 | ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ വരവ് വന്നിട്ടില്ല | 1-41 |

ഭാഗം **2**

--- No Records Found ---

ഭാഗം **3**

| | | |
|---|---|---|
| 1 | തൃത്തല്ലൂർ അങ്കൺവാടി ചുറ്റുമതിൽ നിർമ്മാണം, റൂഫിംഗ് -കരാറുകാരന് അധികം നൽകിയത് 5032 രൂപ | 3-1 |
| 2 | 65 ാം നമ്പർ (വാർഡ് 10) അങ്കൺവാടി ചുറ്റുമതിൽ നിർമ്മാണം ,ഗേറ്റ് സ്ഥാപിക്കൽ -കരാറുകാരന് അധികം നൽകിയത് 16014 രൂപ | 3-2 |
| 3 | സിമന്റ് കോൺക്രീറ്റ് - അധിക നിരക്ക് നൽകി- കരാറുകാർക്ക് അധികം നൽകിയത് 13,152 രൂപ | 3-3 |
| 4 | GWLPS റോഡ് കൈവരി സ്ഥാപിക്കൽ പ്രവൃത്തി- അധിക തുക നൽകി - നഷ്ടം 17503 രൂപ | 3-4 |
| 5 | വി.സി.ബി കളുടെ പരിപാലനം - അധിക നിരക്ക് നൽകി-കരാറുകാരന് അധികം നൽകിയത് - 48270 രൂപ | 3-5 |
| 6 | അങ്കൺവാടി നമ്പർ 55 പുനരുദ്ധാരണം -ചെയ്യാത്ത പ്രവൃത്തികൾക്ക് തുക നൽകി -മറ്റ് അപാകതകൾ- കരാറുകാരന് അധികം നൽകിയത് 18737 രൂപ | 3-6 |
| 7 | സ്റ്റീൽ വർക്ക് പ്രവൃത്തികൾക്ക് അധിക നിരക്ക് നൽകി - കരാറുകാർക്ക് അധികം നൽകിയത് 8416 രൂപ | 3-7 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവർത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| 2021-22ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ/തിയ്യതി | പുതുക്കിയ തീരുമാന നമ്പർ/തിയ്യതി |
|---|---|
| 1/PP/08/01/64/2021 Dated 25.02.21 | 1/PP/08/01/117/22 Dated 18.03.2022 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തിയ്യതി | ലഭിച്ച തിയ്യതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച് തിയ്യതി | അപാകത പരിഹരിച്ച് ലഭിച്ച തിയ്യതി |
|---|---|---|---|
| 31.07.2022 | 19.08.2022 | -- | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 14032178.77 |
| വരവ് | 160325060 |
| ആകെ | 174357238.77 |
| ചെലവ് | 145558622 |
| നീക്കിയിരിപ്പ് | 28798616.77 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് | 00 | 30965716 | 30965716 | 29857184 | 1108532 |
| വികസന ഫണ്ട് (എസ്.സി.പി) | 00 | 8364999 | 8364999 | 8313344 | 51655 |
| വികസന ഫണ്ട് (ടി.എസ്.പി) | 00 | 00 | 00 | 00 | 00 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 00 | 6472080 | 6472080 | 5280435 | 1191645 |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 00 | 7551122 | 7551122 | 5018052 | 2533070 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(അൺടൈഡ്) | 00 | 6187000 | 6187000 | 5670536 | 516464 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(ടൈഡ്) | 00 | 13552921 | 13552921 | 3305956 | 10246965 |
| ബി.ഫണ്ട് | 00 | 64005450 | 64005450 | 64005450 | 0 |

### 1-4-1 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് പത്രിക, എ.സി.ആർ എന്നിവ പ്രകാരം താഴെ പറയുന്ന ഫണ്ടുകളിലെ ചെലവ് തുകയിലെ വ്യത്യാസം പട്ടികയിൽ ചേർക്കുന്നു.

| ഫണ്ട് | എ.സി.ആർ | ഗ്രാന്റ് പത്രിക | വ്യത്യാസം |
|---|---|---|---|
| വികസന ഫണ്ട് ജനറൽ | 29857184 | 31123284 | 1266100 |
| വികസന ഫണ്ട് എസ്.സി.പി | 8313344 | 8472823 | 159479 |
| സി.എഫ്.സി ടൈഡ് | 3305956 | 3100392 | 205564 |
| സി.എഫ്.സി അൺ ടൈഡ് | 5670536 | 5475530 | 195006 |
| മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 5018052 | 4295830 | 722222 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു .

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കത്തവ | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 238 | 185258137 | 171 | 79333289 | ഇല്ല | 67 | 71% |

പൂർത്തീയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 52175 | 1019556 | 1071731 | 1068541 | 3190 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 00 | 22932675 | 22932675 | 22932675 | 00 |
| ആകെ | 52175 | 23952231 | 24004406 | 24001216 | 3190 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം പഞ്ചായത്ത് ചെലവഴിച്ച വിവിധ ക്ഷേമ പദ്ധതികളുടെ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 5493000 | 329 |
| വിധവ പെൻഷൻ | 18343200 | 1168 |
| വാർദ്ധക്യകാല പെൻഷൻ | 33507400 | 2217 |
| വികലാംഗ പെൻഷൻ | 5657400 | 329 |
| വിവാഹ ധനസഹായം | 240000 | 8 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 751600 | 48 |

## 1-8 ക്യാഷ് പരിശോധന

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.03.2023ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുക യുണ്ടായി. 18396/-രൂപ നീക്കിയിരിപ്പ് ബോദ്ധ്യപ്പെട്ടു.

## 1-9 അഭ്യന്തര നിയന്ത്രണം

1. ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററിൽ നിക്ഷേപ തുകയുടെ കൂടെ പലിശ ചേർത്ത് തുക കാലികമാക്കുന്നില്ല.
2. വായ്പ/വായ്പ തിരിച്ചടവ് രജിസ്റ്റർ കാലികമാക്കുന്നില്ല.
3. ജീവനക്കാരുടെ പേരുവിവരങ്ങൾ ഉൾപ്പെടുന്ന ഇൻക്യുമ്പൻസി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
4. അസറ്റ് രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11/01/2023 | 01/10/2022-31/12/2022 | 11/01/2023 |
| എ.ജി.ഓഡിറ്റ് | 30/10/2003-15/11/2003 | 1997-98 - 2002-03 | 25/02/2004 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

2021-22 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. താഴെ പറയുന്ന അക്കൗണ്ടിന്റെ 31.03.2022 ലെ ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാങ്ക് ബുക്ക് ബാലൻസ്, വാർഷികകണക്കിലെ ബാങ്ക് ബുക്ക് ബാലൻസ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ബാങ്ക് അക്കൗണ്ട് | വാർഷികകണക്ക് പ്രകാരം | റീകൺസിലിയേഷൻ സ്റ്റേറ്റ്നെന്റ് പ്രകാരം |
|---|---|---|
| SBI Life (38071360334) | 5148235 | 2453645 |

2. താഴ പറയുന്ന ഫണ്ടുകളുടെ ചെലവ് തുക വാർഷികകണക്ക് , എ.സി.ആർ എന്നിവ പ്രകാരം പൊരുത്തപ്പെടുന്നില്ല.

| ഫണ്ട് | വാർഷികകണക്ക് പ്രകാരമുള്ള ചെലവ് | എ.സി.ആർ പ്രകാരമുള്ള ചെലവ് | വ്യത്യാസം |
|---|---|---|---|
| വികസന ഫണ്ട് ജനറൽ | 29851684 | 29857184 | 5500 |
| വികസന ഫണ്ട് എസ്.സി.പി | 8245489 | 8313344 | 67855 |
| സി.എഫ്.സി ടൈഡ് | 9670684 | 3305956 | 6364728 |
| സി.എഫ്.സി അൺ ടൈഡ് | 6296667 | 5670536 | 626131 |

3. ബാലൻസ് ഷീറ്റ് B-11 പ്രകാരമുള്ള Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (Rate Of Depreciation, Book Value Of Asset, Life Time Of Asset Etc) പരിശോധനക്ക് ലഭ്യമാക്കിയില്ല. (2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 58 – 4 (ജി)

4. 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

5. താഴെ പറയുന്ന ഡെപ്പോസിറ്റ് തുകകളുടെ ബാലൻസ് തുക വാർഷികകണക്ക്, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ പ്രകാരം പൊരുത്തപ്പെടുന്നില്ല.

| ഇനം | വാർഷികകണക്ക് പ്രകാരം | ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം | വ്യത്യാസം |
|---|---|---|---|
| Contractors EMD | 119869 | 120369 | 500 |
| Auction Deposit | 70100 | 32600 | 37500 |

6. വാർഷികകണക്കിലെ B-18 ഷെഡ്യൂൾ പ്രകാരം Loans Advances And Deposits ഇനത്തിൽ 3919365/-രൂപ ബാലൻസ് ഉണ്ട്. എന്നാൽ അഡ്വാൻസ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ തുകകളുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

7.വാർഷികകണക്ക് B-5 ഷെഡ്യൂൾ പ്രകാരം 24268704/-രൂപ ലൈഫ് ഭവന പദ്ധതിക്കായി KURDFC, Co-operative Bank ൽ നിന്ന് ലോൺ അടവാക്കാൻ ബാക്കിയുണ്ട്. എന്നാൽ ലോൺ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

8.വാർഷികകണക്കിലെ B-12 ഷെഡ്യൂൾ പ്രകാരം Fixed Deposit ഇനത്തിൽ 4287616/-രൂപ ബാലൻസ് ഉണ്ട്. എന്നാൽ Investment രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

9. താഴെ പറയുന്ന ഇനങ്ങളുടെ ഡി.സി.ബി രജിസ്റ്ററിൽ സംഗ്രഹം എഴുതി സൂക്ഷിക്കാത്തതിനാൽ വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി പരിശോധിക്കാൻ സാധിച്ചിട്ടില്ല.

| ഇനം | വാർഷികകണക്ക് പ്രകാരമുള്ള വരവ് |
|---|---|
| Building Regularisation Fee | 53920 |
| Permit Fee For Building Construction | 94141 |
| Profession Tax Employees | 789150 |

10. B-4 Schedule ൽ പ്രകാരമുള്ള സ്പെസിഫിക് പർപ്പസ് ഗ്രാന്റുകൾ തനത്ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും വ്യക്തമായ വിവരങ്ങൾ രേഖപ്പെടുത്തി എ സി ആർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ തുകകളുടെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

11. തൊഴിലുറപ്പ് പദ്ധതി അഡ്മിൻ വരവ് - വാർഷികകണക്ക് , ക്യാഷ് ബുക്ക് എന്നിവ പൊരുത്തപ്പെടുന്നില്ല.

| വാർഷികകണക്ക് പ്രകാരമുള്ള വരവ് | ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ് | വ്യത്യാസം |
|---|---|---|
| 1019556 | 1088161 | 68605 |

ഇത് സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി (നമ്പർ-19/06.03.2023)ക്ക് മറുപടി ലഭ്യക്കിയിട്ടില്ല.

## 1-12 രസീത് ബുക്കുകളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തേണ്ടതാണ്

രസീത് ബുക്ക് നം. 25711 ശ്രീ. ഷാജൻ. സി. എ, ക്ലർക്ക് എന്നയാളുടെ പേരിൽ 01.07.2022 തീയ്യതിയിൽ ഇഷ്യൂ ചെയ്തിട്ടുള്ളതാണ്. ഈ രസീത് ബുക്കിൽ 1 മുതൽ 100 വരെയുള്ള രസീതുകൾ ഉള്ളതായി പഞ്ചായത്ത് സെക്രട്ടറി രസീത് നമ്പർ 100ന്റെ പിറകിലായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഈ ബുക്കിലെ രസീതുകൾ വസ്തുനികുതി പിരിവിനായി ഉപയോഗിച്ചിട്ടുണ്ട്. പരിശോധനയ്ക്കായി ലഭ്യമാക്കിയ രസീത് ബുക്കിൽ രസീത് നമ്പർ 78ന്റെ ഒറിജിനലോ ഡ്യൂപ്ലിക്കേറ്റോ ലഭ്യമല്ല. രസീത് നമ്പർ 67 മുതൽ ഉപയോഗിച്ച് 12.12.2022 തീയ്യതിയിൽ നടത്തിയ പിരിവിന്റെ വിവരം കളക്ഷൻ രജിസ്റ്റർ പേജ് 17ൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും രസീത് 78ന്റെ വിവരം ഇതിൽ ലഭ്യമല്ല. രസീത് നമ്പർ 78ന്റെ ഒറിജിനലും ഡ്യൂപ്ലിക്കേറ്റും കാണാതെ പോയത് സംബന്ധിച്ച് ശ്രീ. ഷാജൻ ലഭ്യമാക്കിയ വിശദീകരണം കളക്ഷൻ രജിസ്റ്ററിൽ അടക്കം ചെയ്തിട്ടുണ്ട്. രസീത് ബുക്ക് സൂക്ഷിച്ചിരുന്ന ടിയാളുടെ മേശയ്ക്ക് പൂട്ട് ഇല്ലാതിരുന്നതിനാൽ മതിയായ സുരക്ഷ ഇല്ലാതിരുന്നത് മൂലം രസീത് നഷ്ടപ്പെട്ടതിന് താൻ ഉത്തരവാദിയല്ല എന്നാണ് ടിയാൾ ബോധിപ്പിച്ചിട്ടുള്ളത്. കൂടാതെ, ഈ പുസ്തകത്തിലെ വിവിധ രസീതുകൾ താഴെപ്പറയുന്ന പ്രകാരം ശ്രീ. ഷാജൻ ഉൾപ്പെടെ മൂന്ന് വ്യത്യസ്ത ജീവനക്കാരാണ് പിരിവിനായി ഉപയോഗിച്ചിട്ടുള്ളത് എന്നും വിശദീകരണക്കുറിപ്പിൽ പറയുന്നു.

രസീത് ബുക്ക് പ്രകാരമുള്ള രസീതികൾ ഉപയോഗിച്ചവർ

ഷാജൻ. സി. എ, ക്ലർക്ക് : 1 മുതൽ 21 വരെ, 68 മുതൽ 100 വരെ

ആൻഡ്രൂസ് ജോർജ്, സീനി. ക്ലർക്ക് : 22 മുതൽ 26 വരെ, 67

രാധിക. കെ. കെ, ക്ലർക്ക് (താൽക്കാലികം) : 27 മുതൽ 66 വരെ

16.12.2022 തീയ്യതിയിലെ ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി യോഗത്തിൽ ഈ രസീത് ക്യാൻസൽ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കാൻ തീരുമാനിക്കുകയും ഇത് പ്രകാരം ഇതേ തീയ്യതിയിൽ സി.1/101/2/2022 നമ്പറായി ഈ രസീത് ക്യാൻസൽ ചെയ്യുന്നത് സംബന്ധിച്ച് പൊതുജനങ്ങളുടെ അറിവിലേക്കായി നോട്ടീസ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

ഒരു ജീവനക്കാരന്റെ പേരിൽ ഇഷ്യൂ ചെയ്ത ഒരു രസീത് ബുക്കിന്റെ സൂക്ഷിപ്പ് ടിയാളുടെ ഉത്തരവാദിത്തമാണ്. കൂടാതെ, ഒരാളുടെ പേരിൽ ഇഷ്യൂ ചെയ്ത രസീത് ബുക്ക് അതേ കാലയളവിൽ ജോലി ചെയ്തിരുന്ന പലരും മാറി മാറി ഉപയോഗിച്ചത് ക്രമവിരുദ്ധമാണ്. മറ്റൊരാൾക്ക് കൈമാറിയത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഒന്നും തന്നെ രസീത് ബുക്കിലോ സ്റ്റോക്ക്/ഇഷ്യൂ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല.

ഈ വിഷയത്തിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 04.03.2022 തീയ്യതിയിലെ ഓഡിറ്റ് എൻക്വയറി നം. 13ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. രസീത് ബുക്കിലെ രസീതുകളുടെ നഷ്ടപ്പെടൽ താൽകാലിക പണാപഹരണമാണ് എന്നതിനാൽ രസീതുകളുടെ സുരക്ഷിതത്വം കസ്റ്റോഡിയൻ ഓഫീസർ ഉറപ്പുവരുത്തേണ്ടതും ഇവയുടെ കൈമാറ്റം സംബന്ധിച്ച് കൃത്യമായ രേഖപ്പെടുത്തലുകൾ നടത്തേണ്ടതുമാണ്.

## 1-13 ഭരണസമിതി അംഗീകരിച്ച നിരക്കിന് വിരുദ്ധമായി ലൈസൻസ് ഫീ ഈടാക്കുന്നു

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങളെ അവയുടെ പ്രവർത്തന മൂലധനത്തിന്റെ അടിസ്ഥാനത്തിൽ വിവിധ കാറ്റഗറികളായി തിരിച്ച് ലൈസൻസ് ഫീ ഇനത്തിൽ ഈടാക്കാവുന്ന പരമാവധി തുക മേൽ ചട്ടങ്ങളിലെ പട്ടിക II ൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പുറത്തൂർ ഗ്രാമപഞ്ചായത്ത് ഈടാക്കുന്ന ലൈസൻസ് ഫീ നിരക്കുകൾ 31.03.2018 തീയ്യതിയിലെ PP/10/16/140/18 നമ്പർ തീരുമാനമായി പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടുള്ളതാണ്. ഇത് പ്രകാരം വാർഷിക ലൈസൻസ് ഫീയുടെ കുറഞ്ഞ നിരക്കായി നിശ്ചയിച്ചിട്ടുള്ളത് 200 രൂപയാണ് (2 ലക്ഷം രൂപ വരെ മൂലധന നിക്ഷേപം ഉള്ള സ്ഥാപനങ്ങൾക്ക്). 2021-22 വർഷത്തേക്ക് ലൈസൻസ് നൽകുന്നതിനായി പല സ്ഥാപനങ്ങളിൽ നിന്നും ഇതിൽ കുറവായ 100 രൂപ വീതമാണ് ലൈസൻസ് ഫീ ആയി ഈടാക്കിയിട്ടുള്ളത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ലൈസൻസീ | സ്ഥാപനം | ലൈസൻസ് നം, തീയ്യതി |
|---|---|---|---|
| 1 | കൃഷ്ണൻകുട്ടി | വി.കെ ഏജൻസീസ്, ആശുപത്രിപ്പടി | PP/B2/1838/3/2021-22, 01.04.21 |
| 2 | ഹനീഫ | ത്വയ്ബ സ്റ്റോർ | PP/B2/1770/09/2021-22, 01.04.21 |
| 3 | ഉമ്മാത്തക്കുട്ടി | മിഷാൽ ബേക്കറി, പുറത്തൂർ റോഡ് | PP/B2/1867/10/2021-22, 01.04.21 |
| 4 | സതീദേവി | കോർണർ സ്റ്റേഷനറി സ്റ്റോർ, പുതുപ്പള്ളി | PP/B2/1882/13/2021-22, 01.04.21 |
| 5 | ഇല്യാസ് | നയൻ ബ്രോക്കേഴ്സ് എക്സ്പോർട്സ് | PP/B2/1887/14/2021-22, 01.04.21 |
| 6 | നാസർ | ബിസ്മി വെജിറ്റബിൾ ഷോപ്പ്, പുറത്തൂർ | PP/B2/1904/17/2021-22, 01.04.21 |
| 7 | നൗഷാദ് സി. കെ. | ന്യൂ ടേസ്റ്റി ഓറഞ്ച്, പുറത്തൂർ | PP/B2/3030/19/2021-22, 01.04.21 |
| 8 | ശ്രീകൃഷ്ണൻ | ചക്കംകുളങ്ങര ബേക്കറി, ആശുപത്രിപ്പടി | PP/B2/1933/20/2021-22, 01.04.21 |
| 9 | അക്ബർ | അജ്മൽ സ്റ്റോർ, പുതുപ്പള്ളി | PP/B2/1940/22/2021-22, 01.04.21 |
| 10 | ഹാറൂൺ | ഫാമിലി സ്റ്റോഴ്സ്, ആശുപത്രിപ്പടി | PP/B2/3033/24/2021-22, 01.04.21 |

ഈ സ്ഥാപനങ്ങളുടെ വാർഷിക ലൈസൻസ് ഫീ 100 രൂപയായി നിശ്ചയിച്ചതിന് അടിസ്ഥാനമാക്കിയ മാനദണ്ഡം എന്താണെന്ന് അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ 02.03.2023 തീയ്യതിയിലെ ഓഡിറ്റ് എൻക്വയറി നം. 1ന്

സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈസൻസ് ഫീ കണക്കാക്കുന്നത് കൃത്യമായ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് ഉറപ്പുവരുത്തേണ്ടതും ലൈസൻസ് ഫീയിനത്തിലെ കുറവ് അവശേഷിക്കുന്ന തുക ലൈസൻസികളിൽ നിന്ന് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-14 വസ്തുനികുതി നിർണ്ണയം - വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ് വരുത്തിയില്ല.

വാർഡ് 3 ൽ ശ്രീ. മുഹമ്മദ് മുസ്തഫ, ജുമാന എന്നിവർ 15.05.2017 തീയ്യതിയിലെ B1/2042/17 നമ്പർ പെർമിറ്റ് പ്രകാരം 23.02.2021 തീയ്യതിയിൽ നിർമ്മാണം പൂർത്തിയാക്കിയ 276.28 ച.മീ നിർമ്മിത വിസ്തീർണ്ണമുള്ള രണ്ട് നില പാർപ്പിട കെട്ടിടത്തിന് വസ്തു നികുതി നിർണയിച്ച് 118/A എന്ന കെട്ടിട നമ്പർ നൽകിയിട്ടുണ്ട്. ഫയലിൽ ലഭ്യമായ പൂർത്തീകരണ പ്ലാൻ പ്രകാരം ഈ കെട്ടിടത്തിന്റെ വടക്കുഭാഗത്തായി 6 മീറ്റർ വീതിയുള്ള പുറത്തൂർ അംഗനവാടി വായനശാല റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുണ്ട്. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 2.2.2ലെ വ്യവസ്ഥകൾ പ്രകാരം 5 മീറ്ററിൽ കൂടുതൽ വീതിയുള്ള വഴി സൗകര്യമുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയിന്മേൽ 20% വർദ്ധനവ് വരുത്തേണ്ടതുണ്ടെങ്കിലും ഈ കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയിച്ച വേളയിൽ ഇപ്രകാരം വർദ്ധനവ് വരുത്തിയിട്ടില്ല. ഈ വിഷയത്തിന്മേൽ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ 06.03.2023 തീയ്യതിയിലെ ഓഡിറ്റ് എൻക്വയറി നം. 25ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.




## 1-15 ചട്ടങ്ങൾ പാലിക്കാതെ തയ്യാറാക്കിയ പ്ലാൻ അംഗീകരിച്ച് കെട്ടിട നിർമ്മാണാനുമതി നൽകി

വാർഡ് 4ൽ സർവ്വേ നം. 293/2-5ൽ ആയി സി.എച്ച് മുഹമ്മദ് കോയ ചാരിറ്റബിൾ സെന്റർ ചെയർമാൻ, കൺവീനർ എന്നിവരുടെ അപേക്ഷയിന്മേൽ 687.36 ച. മീ നിർമ്മിത വിസ്തീർണ്ണമുള്ള മൂന്ന് നില വാണിജ്യകെട്ടിടം നിർമ്മിക്കുന്നതിനായി 04.01.2022 തീയ്യതിയിലെ A3-BA(60347)/2022 നമ്പറായി പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. അപേക്ഷയോടൊപ്പം സമർപ്പിച്ച പ്ലാനുകൾ 2019ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഭിന്നശേഷി സൗഹൃദ ടോയ്‌ലറ്റിന് ചട്ടപ്രകാരം ആവശ്യമുള്ള കുറഞ്ഞ വലിപ്പം നൽകിയില്ല

പൊതുജനങ്ങൾക്ക് പ്രവേശനമുള്ള കെട്ടിടങ്ങളിൽ ഭിന്നശേഷിക്കാർ, മുതിർന്നവർ, കുട്ടികൾ എന്നിവർക്കായി ഏർപ്പെടുത്തേണ്ട സൗകര്യങ്ങൾ 2019ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 42ൽ നിഷ്കർഷിച്ചിട്ടുണ്ട്. ചട്ടം 42(4)(എ) പ്രകാരം ഗ്രൂപ്പ് എഫ് (വ്യാപാരം/വാണിജ്യം) കെട്ടിടങ്ങളിൽ നിലം നിരപ്പ് നിരയിൽ ഭിന്നശേഷി സൗഹൃദ ടോയ്‌ലറ്റ് ഏർപ്പെടുത്തേണ്ടതും, ചട്ടം 42(4)(ബി) പ്രകാരം ഇത്തരം ടോയ്‌ലെറ്റുകളുടെ കുറഞ്ഞ വലിപ്പം 1.50 മീ. X 1.75 മീ. ആകേണ്ടതുമാണ്.

മേൽ കെട്ടിടത്തിന്റെ പ്ലാൻ പ്രകാരം നിലം നിരപ്പുനിലയിൽ ഉള്ള ടോയ്‌ലറ്റിന്റെ അളവുകൾ 1.40 മീ. X 1.30 മീ. ആണ്. ഇത് ചട്ടപ്രകാരം ആവശ്യമായതിനേക്കാൾ കുറഞ്ഞ അളവാണ്.




2. അഗ്നിരക്ഷാ ഗോവണിയുടെ മാനദണ്ഡങ്ങൾ പാലിക്കുന്നില്ല

ഭൂനിരപ്പിന് മുകളിൽ രണ്ട് നിലകളിൽ കൂടുതലുള്ള പാർപ്പിടേതര ഗണത്തിൽപ്പെടുന്ന വിനിയോഗങ്ങളിൽ ചട്ടം 35(2) പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കുന്ന അഗ്നിരക്ഷാ ഗോവണി ഏർപ്പെടുത്തേണ്ടതുണ്ട്. മൂന്ന് നില വരെയുള്ള കെട്ടിടങ്ങൾക്ക് നൽകിയിട്ടുള്ള ഗോവണി ഈ മാനദണ്ഡങ്ങൾ പാലിക്കുന്ന വിധത്തിലാണെങ്കിൽ പ്രത്യേകം അഗ്നിരക്ഷാ കോണി ആവശ്യമില്ല എന്ന് ചട്ടം 35(2)(10)ൽ പറയുന്നു.

അഗ്നിരക്ഷാ ഗോവണിയുടെ മാനദണ്ഡമനുസരിച്ച് കൈവരിയുടെ ഉയരം 100 സെ.മീ ൽ കുറയാനോ 120 സെ.മീ ൽ കൂടാനോ പാടുള്ളതല്ല എന്ന് ചട്ടം 35(2)(5)ൽ പറയുന്നു. മേൽ കെട്ടിടത്തിൽ ഒരു ഗോവണിയാണ് ഉള്ളത്. ഇതിൻറെ കൈവരിയുടെ ഉയരം 90 സെ.മീ ആണ്. ഇത് മാനദണ്ഡങ്ങൾ പാലിക്കുന്നില്ല.




മേൽപ്രകാരം കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ച വേളയിൽ ഈ അപാകതകൾ പരിഗണിക്കാതിരുന്നതിന്മേൽ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ 04.03.2023 തീയ്യതിയിലെ ഓഡിറ്റ് എൻക്വയറി നം. 12ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയിന്മേൽ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-16 സ്കൂളിൽ ലാബ് സജ്ജീകരിക്കൽ-ലാബ് ഉപകരണങ്ങൾ ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് വാങ്ങി.

ഹെഡ് മാസ്റ്റർ നടപ്പിലാക്കിയ യു.പി സ്കൂളിൽ ലാബ് സജ്ജീകരിക്കൽ പദ്ധതികളുടെ വിശദാംശം താഴെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രോജക്ട് നം, പേര് | : | 223/22(S.O) -യു.പി സ്കൂളിൽ ലാബ് സജ്ജീകരിക്കൽ |
| അടങ്കൽ തുക | : | 250,000/- (Maintenance Fund Non Road ) |
| ചെലവ് തുക | : | 250,000/- (BRN: 21150552047601379928 തീയ്യതി : 19.03.22) |
| തുക കൈപ്പറ്റിയ സ്ഥാപനം | : | ARTCO ലിമിറ്റഡ് ( അക്കൗണ്ട് നം. 67099281397 ) |
| ഇൻവോയിസ് നമ്പർ | : | KKD 480/14.03.2022 |
| ഡെലിവറി ചലാൻ നമ്പർ | | 4180/14.03.2022 |

| | | |
|---|---|---|
| പ്രോജക്ട് നം, പേര് | : | 134/22 -യു.പി സ്കൂളിൽ ലാബ് സജ്ജീകരിക്കൽ |
| അടങ്കൽ തുക | : | 500,000/- (Maintenance Fund Non Road ) |

| | | |
|---|---|---|
| ചെലവ് തുക | : | 499000/- (BRN: 21150552047601379946 തീയ്യതി : 19.03.22) |
| തുക കൈപ്പറ്റിയ സ്ഥാപനം | : | ARTCO ലിമിറ്റഡ് ( അക്കൗണ്ട് നം. 67099281397 ) |
| ഇൻവോയിസ് നമ്പർ | : | KKD 479/14.03.2022 |
| ഡെലിവറി ചലാൻ നമ്പർ | : | 4179/14.03.2022 |

മേൽ പദ്ധതികൾ പ്രകാരം സ്കൂളിൽ ലാബ് സജ്ജീകരിക്കുന്നതിനായി ARTCO ലിമിറ്റഡിൽ നിന്നും ടെണ്ടർ നടപടികൾ കൂടാതെ ലാബ് ഉപകരണങ്ങൾ നേരിട്ട് വാങ്ങിയിട്ടുണ്ട്.

പദ്ധതി നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ARTCO ലിമിറ്റഡിൽ നിന്നും നേരിട്ട് വാങ്ങാവുന്ന ഉപകരണങ്ങളുടെ സ്പെസിഫിക്കേഷനും വില നിലവാരവും സംബന്ധിച്ച ലിസ്റ്റ് 13.05.2019 തീയ്യതിയിലെ ജി.ഒ (ആർ.ടി) നം. 19/2019/എസ്.പി.ഡി, ജി.ഒ (ആർ.ടി) നം. 20/2019 /എസ്.പി.ഡി എന്നീ ഉത്തരവുകൾ പ്രകാരം സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റ് പുറപ്പെടുവിച്ചിട്ടുണ്ട്. മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ഡെലിവറി ചലാൻ പ്രകാരം വിതരണം നടത്തിയ ലാബ് ഉപകരണങ്ങൾ ഈ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതല്ല. ഈ ഉപകരണങ്ങൾ മേൽപ്പറഞ്ഞ സ്പെസിഫിക്കേഷനിലും യൂണിറ്റ് വിലയിലും ടെണ്ടർ നടപടിക്രമങ്ങൾ കൂടാതെ വാങ്ങുന്നതിനുള്ള അനുമതിയോ ഇത് നേരിട്ട് വാങ്ങിയത് സംബന്ധിച്ച വിശദീകരണമോ ലഭ്യമാക്കിയില്ല.
2. ARTCO ലിമിറ്റഡിൽ നിന്നും നേരിട്ട് വാങ്ങുന്ന ഉപകരണങ്ങൾ ARTCO സ്വന്തമായി നിർമ്മിച്ചതാണെന്നും, പുറമേ നിന്ന് വാങ്ങിയതല്ലെന്നും പ്രസ്താവിച്ചുകൊണ്ടുള്ള ഒരു സാക്ഷ്യപത്രം നിർവ്വഹണ ഉദ്യോഗസ്ഥൻ ARTCOയിൽ നിന്ന് ലഭ്യമാക്കേണ്ടതാണെന്ന് മേൽ ഉത്തരവുകളിൽ നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും, ഇൻവോയ്സ് പ്രകാരമുള്ള ഇനങ്ങൾക്ക് ഇത്തരത്തിൽ ഒരു സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല.
നേരിട്ട് വാങ്ങാവുന്ന വസ്തുക്കളുടെ കാര്യത്തിൽ സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റിന്റെ ഉത്തരവുകൾ പാലിക്കേണ്ടതാണ്. ഹെഡ് മാസ്റ്റർ നടപ്പിലാക്കിയ മേൽ പറഞ്ഞ പദ്ധതികളിൽ വന്ന അപാകതകൾ സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി (നമ്പർ-02/02.03.2023)ക്ക് മറുപടി ലഭ്യക്കിയിട്ടില്ല.

## 1-17 വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

2021-22 വർഷത്തിൽ സെക്രട്ടറി നിർവഹണം നടത്തിയ താഴെ പറയുന്ന പ്രോജെക്ടുകളിലെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

| ക്രമ നമ്പർ | പ്രോജെക്ട് നമ്പർ /പേര്/ഫണ്ട് | ചെലവ് തുക | ബിൽ നമ്പർ/വൗച്ചർ നമ്പർ തിയതി | റിമാർക്സ് |
|---|---|---|---|---|
| 1 | പ്രോ.നം-38/21-22 ഇലക്ട്രിക്ക് പോസ്റ്റ് ഷിഫ്റ്റിംഗ് തനത് ഫണ്ട് | 57010 | 22100646/ 29.09.2021 | കെഎസ്ഇബി, പുറത്തൂരിൽ ഡെപ്പോസിറ്റ് ചെയ്തത് |
| | | 15797 | 22100481/ 12.08.2021 | |
| | പ്രോ.നം-5/21-22 PMAY വിഹിതം നൽകൽ വികസന ഫണ്ട് | 280,000 | 21150552005901181032/ 21.02.2022 | തിരൂർ ബ്ലോക്ക് പഞ്ചായത്ത്. |
| | ആകെ | 352807 | | |

മേൽ തുകക്കുള്ള പ്രവർത്തികളുടെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്നത് വരെ 352807 രൂപ തടസ്സത്തിൽ വെക്കുന്നു. ഇത് സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി (നമ്പർ-03/04.03.2023)ക്ക് മറുപടി

ലഭ്യക്കിയിട്ടില്ല.

## 1-18 MGNREGS ഓഫീസിലേക്ക് അലമാര വാങ്ങൽ-ടെണ്ടർ നടപടികൾ പാലിച്ചില്ല.

പ്രോജക്റ്റ് നം: 119/2021-22 (MGNREGS ഓഫീസിലേക്ക് അലമാര വാങ്ങൽ)
നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

അടങ്കൽ തുക: 100000/-

ചെലവ് തുക: 100000/-(തനത് ഫണ്ട്)

തുക കൈപ്പറ്റിയ സ്ഥാപനം: ARTCO ലിമിറ്റഡ്, കോഴിക്കോട് (വൗച്ചർ നം- 22101414/21.03.2022)
ഇൻവോയ്സ് നം. KKD 361/ 22.02.2022

സെക്രട്ടറി നടപ്പാക്കിയ മേൽ പദ്ധതി പ്രകാരം ARTCOലിമിറ്റഡിൽ നിന്നും താഴെപ്പറയുന്ന ഉപകരണങ്ങൾ ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് വാങ്ങിയിട്ടുള്ളവയാണ്.

| ക്രമ നം | ഇനം | എണ്ണം | യൂണിറ്റ് വില | നികുതികൾ ഉൾപ്പെടെ ആകെ വില (₹) |
|---|---|---|---|---|
| 1 | Office Wall Rack Particle Board 320*60*40cm | 1.92m2 | 8962 | 20304.3 |
| 2 | Office Wall Rack Particle Board 210*60*40cm | 1.26m2 | 8962 | 13324.7 |
| 3 | UF1852-Office Cupboard- Pre Laminated Particle Board 160*94*50cm | 3 | 9097 | 32203.38 |
| 4 | UF1852-Office Cupboard- Pre Laminated Particle Board 200*160*46cm | 3.2 | 9097 | 34350.2 |
| | ആകെ ഇൻവോയ്സ് തുക (Rounded) | | | 100000 |

പദ്ധതി നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു

1. ARTCO ലിമിറ്റഡിൽ നിന്നും നേരിട്ട് വാങ്ങാവുന്ന ഉപകരണങ്ങളുടെ സ്പെസിഫിക്കേഷനും വില നിലവാരവും സംബന്ധിച്ച ലിസ്റ്റ് 13.05.2019 തീയ്യതിയിലെ ജി.ഒ (ആർ.ടി) നം. 19/2019/എസ്.പി.ഡി, ജി.ഒ (ആർ.ടി) നം. 20/2019 /എസ്.പി.ഡി എന്നീ ഉത്തരവുകൾ പ്രകാരം സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റ് പുറപ്പെടുവിച്ചിട്ടുണ്ട്. പട്ടിക പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള ഇനങ്ങൾ ഈ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതല്ല. ഫർണിച്ചറുകൾ മേൽപ്പറഞ്ഞ സ്പെസിഫിക്കേഷനിലും യൂണിറ്റ് വിലയിലും ടെണ്ടർ നടപടിക്രമങ്ങൾ കൂടാതെ വാങ്ങുന്നതിനുള്ള അനുമതിയോ ഇത് നേരിട്ട് വാങ്ങിയത് സംബന്ധിച്ച വിശദീകരണമോ ലഭ്യമാക്കിയില്ല.
2. ARTCO ലിമിറ്റഡിൽ നിന്നും നേരിട്ട് വാങ്ങുന്ന ഉപകരണങ്ങൾ ARTCO സ്വന്തമായി നിർമ്മിച്ചതാണെന്നും, പുറമേ നിന്ന് വാങ്ങിയതല്ലെന്നും പ്രസ്താവിച്ചുകൊണ്ടുള്ള ഒരു സാക്ഷ്യപത്രം നിർവ്വഹണ ഉദ്യോഗസ്ഥൻ ARTCOയിൽ നിന്ന് ലഭ്യമാക്കേണ്ടതാണെന്ന് മേൽ ഉത്തരവുകളിൽ നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും, ഇൻവോയ്സ് പ്രകാരമുള്ള രണ്ട് ഇനങ്ങൾക്ക് ഇത്തരത്തിൽ ഒരു സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല.
3. ഫർണിച്ചറുകൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി വിതരണം ചെയ്തതിന്റെ വിവരങ്ങൾ ഇല്ല.

നേരിട്ട് വാങ്ങാവുന്ന വസ്തുക്കളുടെ കാര്യത്തിൽ സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റിന്റെ ഉത്തരവുകൾ പാലിക്കേണ്ടതും, ലഭ്യമായ ഫർണിച്ചറുകൾ സ്റ്റോക്കിൽ എടുത്ത് വിതരണം ചെയ്യേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി (നമ്പർ-04/03.03.2023)ക്ക് മറുപടി ലഭ്യക്കിയിട്ടില്ല. ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-19 പ്രവർത്തനക്ഷമമല്ലാത്ത തെരുവ് വിളക്കുകൾ

പഞ്ചായത്ത് സെക്രട്ടറി നടപ്പാക്കിയ പദ്ധതി (നം. 230/21-22) പ്രകാരം ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിലെ (19 വാർഡ്) പ്രവർത്തനക്ഷമമല്ലാത്ത തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിച്ചതിന് തനത് ഫണ്ടിൽ നിന്ന് 418508/- രൂപ KREWS ന് നൽകിയിട്ടുണ്ട്. (വൗച്ചർ നമ്പർ 22100838/19.11.2021-300000/-രൂപ,

22101515/31.03.2022-118508/-രൂപ ). ഇൻവോയിസിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഇൻവോയിസ് നം- KREWS/A162/20-21 Dt-15.12.2020 | | | ഇൻവോയിസ് നം- KREWS/A206/20-21 Dt-30.03.2021 | | |
|---|---|---|---|---|---|
| ഐറ്റം | എണ്ണം | തുക | ഐറ്റം | എണ്ണം | തുക |
| 20 Watt LED Lamp , Shade With All Fitting (Accessories Including Instalation) | 285 | 391164 | *Switch For Manual Operation | 285 | 18523 |
| | | | 2.5 Mm Aluminium Wire 2 Core | 10 | 8821 |
| ആകെ | | | | | 418508 |

പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയലിൽ പദ്ധതി സംബന്ധിച്ച സുലേഖ-പ്രൊജക്ട് ഷീറ്റ് പ്രിന്റ് ലഭ്യമല്ലാത്തതിനാൽ പദ്ധതി നടത്തിപ്പ് സംബന്ധിച്ച് വ്യക്തമായ വിവരം ലഭിക്കുന്നില്ല. പ്രൊജക്ടുമായി ബന്ധപ്പെട്ട മറ്റു അപാകതകൾ താഴെ ചേർക്കുന്നു.

1.മാറ്റി സ്ഥാപിക്കേണ്ട തെരുവ് വിളക്കുകളുടെ എണ്ണം, വാർഡ്, പോസ്റ്റുകൾ എന്നിവ സംബന്ധിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

2. പർച്ചേസ് ചെയ്ത മെറ്റീരിയലുകൾ ഉപയോഗിച്ചതിന്റെ വിവരം ലഭ്യമല്ല.

3. KREWS പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം ഇല്ല.
4. കെ.എസ്.ഇ.ബി.യിൽ നിന്നും അനുമതി ലഭ്യമായിട്ടില്ല. പ്രവൃത്തി നിർവ്വഹിച്ചതിന്റെ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല.
5.തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിച്ചതായുള്ള മെമ്പർമാരിൽ നിന്നുള്ള സാക്ഷ്യപത്രം ഫയലില്ല.
6. വാങ്ങിയ തെരുവ് വിളക്കുകൾ സ്റ്റോക്ക് രജിസ്റ്ററിൽ എടുത്തിട്ടില്ല. തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി2-44274/16 നം. കത്തിൽ പരാമർശിച്ചതിൽ പ്രകാരം , ഉപയോഗശൂന്യമായവ ഗ്രാമപഞ്ചായത്ത് ഓഫീസിൽ തിരിച്ചേൽപ്പിച്ച്, അതാത് ദിവസം തന്നെ രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർത്തതിന്റെ വിവരവും ലഭ്യമാക്കിയിട്ടില്ല.
7. തെരുവ് വിളക്ക് പരാതി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
KREWS ൽ നിന്നും പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതും , ആയത് ബന്ധപ്പെട്ടവർ സാക്ഷ്യപ്പെടുത്തേണ്ടതും തെരുവ് വിളക്കുകളുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്.

ഇത് സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി (നമ്പർ-20/06.03.2023)ക്ക് മറുപടി ലഭ്യക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 418508/- രൂപ തടസ്സം ചെയ്യുന്നു.

## 1-20 ലൈഫ് ഭവനപദ്ധതി 'റവന്യൂ രേഖകളിൽ 'Wet Land' എന്ന് രേഖപ്പെടുത്തിയ ഭൂമിയിൽ വീട് നിർമ്മാണത്തിന് ധനസഹായം നൽകി

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള ലൈഫ് ഭവന പദ്ധതി (പ്രൊജക്ട് നമ്പർ. 95/22) പദ്ധതിയിൽ 94,00,000 (വികസന ഫണ്ട്- 76,20,000 +സംസ്ഥാനാവിഷ്കൃത ഫണ്ട് 17,80,000) രൂപ ചെലവഴിച്ച് വീട് നിർമ്മാണത്തിനായി ധനസഹായം നൽകിയിട്ടുണ്ട് . ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ 2021-22 കരാർ ചമച്ച് ആദ്യഗഡു കൈപറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കളുടെ അപേക്ഷയോടൊപ്പം സമർപ്പിച്ച കൈവശാവകാശ സർട്ടിഫിക്കറ്റ് പരിശോധിച്ചതിൽ പ്രസ്തുത ഭൂമിയുടെ തരം 'Wet Land' എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വിശദവിവരം താഴെ.

| ഗുണഭോക്താവ് | ആദ്യഗഡു | ബിൽനമ്പർ | കൈവശാവകാശ സർട്ടിഫിക്കറ്റ് നമ്പർ | സർവ്വേ നമ്പർ |
|---|---|---|---|---|
| ശ്രീമതി.മീനാക്ഷി വാർഡ് 17 | 40,000 | 4/25.8.21 | 521168163/19.11.20 | 254/2.4.12 |
| ശ്രീമതി. ഫൌസിയ | 40,000 | 4/25.8.21 | 55426152/25.3.21 | 226/2 |

| | | | | |
|---|---|---|---|---|
| വാർഡ്-2 | | | | |
| ശ്രീമതി. കോച്ചി വാർഡ്-12 | 40,000 | 804882/ 22.12.21 | 34971380/2.3.21 | 98/1-15 |
| ശ്രീമതി.തങ്ക വാർഡ്-4 | 40,000 | 804882/ 22.12.21 | 54420180/9.2.21 | 246/18-7 |
| ശ്രീമതി. വിജി വാർഡ്-12 | 40,000 | 804882/ 22.12.21 | 51597137/31.10.20 | 106/2-19 |
| ശ്രീമതി. സജിത വാർഡ്-9 | 40,000 | 804883/ 22.12.21 | 54177506/31.10.21 | 76/3-9 |
| ശ്രീമതി. ജലജ വാർഡ്-15 | 40,000 | 804883/ 22.12.21 | 54157818/30.1.21 | 144/3 |
| ശ്രീമതി. മിനി വാർഡ്-9 | 40,000 | 804883/ 22.12.21 | 56625617/3.7.21 | 102/9-2 |
| ശ്രീമതി. വിലാസിനി വാർഡ്-15 | 40,000 | 9/8.2.22 | 60343715/8.10.21 | 156/41 |
| ശ്രീമതി. സജിത പുളിക്കൽ- വാർഡ്-11 | 40,000 | 9/8.2.22 | 54177237/31.1.21 | 79/6-18 |
| ശ്രീമതി. ബിന്ദു വാർഡ്-12 | 40,000 | 11/8.2.22 | 59968713/30.9.21 | 100/2-1 |
| ശ്രീമതി. ഫാത്തിമ വാർഡ്1-11 | 40,000 | 13/17.2.22 | 62809171/15.1.22 | 94/12-3-1 |
| ശ്രീമതി. ശ്യാമ- വാർഡ്7 | 40,000 | 19/18.2.22 | 45812380/12.2.20 | 219/1G-4 |
| ശ്രീമതി. ദേവകി വാർഡ്-8 | 40,000 | 19/18.2.22 | 5415592/30.1.21 | 148/44-25 |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 5/3.3.23 ന് നൽകിയ മറുപടിയിൽ പ്രസ്തുത ഭൂമി ഡാറ്റ ബാങ്കിൽ ഉൾപെട്ടവയാണെങ്കിലും വർഷങ്ങൾക്ക് മുൻപ് തരം മറ്റിയതാണെന്നും ഗുണഭോക്താക്കൾ വീട്ടനിർമ്മാണം ആരംഭിച്ചിട്ടുണ്ട് എന്നും അറിയിച്ചു. സർക്കുലർ നമ്പർ REV.Pl/248/2019-REV തീയ്യതി.17.2.2020 പ്രകാരം 2008 ലെ കേരള തണ്ണീർ തട സംരക്ഷണ നിയമം നിലവിൽ വന്ന ശേഷം നഞ്ച (നെൽവയൽ Wet Land) ഉടമസ്ഥർക്ക് ഭവന നിർമ്മാണ ആവശ്യത്തിനായി സ്വഭാവ വ്യതിയാനത്തിന്/പരിവർത്തനത്തിന് അനുമതി നൽകില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ സർക്കുലറിന്റെ വെളിച്ചത്തിൽ, പ്രസ്തുത ഭൂമി ഡാറ്റ ബാങ്കിൽ ഉൾപെട്ടവയാണെങ്കിൽ ഗുണഭോക്താക്കൾക്ക് പ്രസ്തുത ഭൂമികളിൽ ഭവന നിർമ്മാണത്തിന് അനുമതി ലഭ്യമാകില്ല എന്ന് വ്യക്തമാണ്. ഡാറ്റ ബാങ്കിൽ ഉൾപെട്ട പ്രസ്തുത ഭൂമി സംബന്ധിച്ച് ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് സർക്കാരിൽ നിന്നും ക്ലാരിഫിക്കേഷൻ തേടേണ്ടതുണ്ട്. ഡാറ്റ ബാങ്കിൽ ഉൾപെട്ട ഭൂമിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-21 ലൈഫ്-ഭൂരഹിത-ഭവനരഹിത വിഭാഗക്കാർക്ക് സ്ഥലം വാങ്ങൽ പദ്ധതി-അപാകതകൾ

ജി.ഒ.എം.എസ് 92/2019/ത.സ്വ.ഭ.വ തിയതി 16.07.2019 പ്രകാരം സ്വന്തമായി/കുടുംബങ്ങളുടെ പേരിൽ ഭൂമി ഇല്ലാത്തവർ, പരമ്പരാഗതമായി ഭൂമി കൈമാറികിട്ടാൻ സാധ്യതയില്ലാത്തവർ എന്നിവർക്ക് ഭൂമി വാങ്ങാൻ അനുമതി നൽകിയിട്ടുണ്ട്. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ലൈഫ് ഭവന പദ്ധതി (95/22)എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 6,48,496 (വികസന ഫണ്ട്- ) രൂപ ചെലവഴിച്ച് 3 ഭൂരഹിത-ഭവനരഹിതരായ ഗുണഭോക്താക്കൾക്ക് സ്ഥലം വാങ്ങി നൽകിയിട്ടുണ്ട് . ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ

പറയുന്ന ഗുണഭോക്താവിന്റെ അപേക്ഷ പരിശോധിച്ചതിൽ ചില അപാകതകൾ കാണുന്നു . വിശദവിവരം താഴെ.

| ഗുണഭോക്താവ് | സ്ഥലം നൽകിയ വ്യക്തി | നൽകിയ തുക | ബിൽനമ്പർ | അപാകതകൾ |
|---|---|---|---|---|
| ശ്രീമതി. രാജിഷ W/o സജീവ് | ശ്രീ.ബാബു പുളിക്കൽ A/c No.850510110010523 | 2, 24,248 | 18/9.3.22 | ആധാരം നമ്പർ.409/1 /2.2.22 പ്രകാരം പ്രസ്തുത 2.98സെന്റ് സ്ഥലം പുറത്തൂർ വില്ലേജ് സർവ്വേനമ്പർ 111/3-10 നഞ്ച എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 6/3.3.23 ന് നൽകിയ മറുപടിയിൽ വീടുനിർമ്മാണത്തിന് ഗ്രാമ പഞ്ചായത്ത് അനുമതി ലഭിച്ചിട്ടുണ്ട് എന്നാണ് അറിയിച്ചത്. സർക്കുലർ നമ്പർ REV.PI/248/2019-REV തീയ്യതി.17.2.2020 പ്രകാരം 2008 ലെ കേരള തണ്ണീർ തട സംരക്ഷണ നിയമം നിലവിൽ വന്ന ശേഷം നഞ്ച (നെൽ വയൽ) വാങ്ങുന്നവർക്ക് ഭവന നിർമ്മാണ ആവശ്യത്തിനായി സ്വഭാവ വ്യതിയാനത്തിന്/പരിവർത്തനത്തിന് അനുമതി നൽകില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ സർക്കുലറിന്റെ വെളിച്ചത്തിൽ, പ്രസ്തുത ഭൂമി ഡാറ്റ ബാങ്കിൽ ഉൾപെട്ടവയാണെങ്കിൽ ഗുണഭോക്താക്കൾക്ക് പ്രസ്തുത ഭൂമികളിൽ ഭവന നിർമ്മാണത്തിന് അനുമതി ലഭ്യമാകില്ല എന്ന് വ്യക്തമാണ്.പ്രസ്തുത ഭൂമി ഡാറ്റ ബാങ്കിൽ ഉൾപെട്ടവയാണോ എന്ന വിവരം അറിയിക്കേണ്ടതും ഭാവിയിൽ സ്ഥലം വാങ്ങി നൽകുമ്പോൾ പ്രസ്തുത ഭൂമി പരിസ്ഥിതിലോല- നഞ്ച പ്രദേശത്ത് ഉൾപ്പെടുന്നവയല്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-22 ബയോബിൻ വിതരണം- പദ്ധതി നടത്തിപ്പിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിലെ 19 വാർഡുകളിൽ അടുക്കള മാലിന്യം വീട്ടുവളപ്പിൽ സംസ്കരിക്കുന്നതിനായി ബയോബിൻ വിതരണം എന്ന രണ്ട് പദ്ധതികൾ പ്രകാരം അക്രിഡിറ്റ് ഏജൻസിയായ ഐ.ആർടി.സി മുഖേന ബയോ കംമ്പോസ്റ്റ് ബിൻ സ്ഥാപിക്കുന്ന പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്.പദ്ധതിയടെ നടത്തിപ്പിന് ജില്ലാ ശുചിത്വ മിഷൻ സാങ്കേതികാനുമതി നൽകിയിട്ടുള്ളതും(No.850/DSM-2020/5.11.20) ഐ.ആർടിസിയുമായി 6.2.2021 ൽ (നമ്പർ രേഖപ്പെടുത്തിയിട്ടില്ല.)ധാരണാപത്രം ഒപ്പ് വെച്ചിട്ടുമുള്ളതാണ്.ധാരണാപത്രം പ്രകാരം 1 ബയോ കംമ്പോസ്റ്റ് ബിൻ 2100രൂപ നിരക്കിൽ ഐ.ആർടി.സി ഗ്രാമ പഞ്ചായത്തിൽ ഗുണഭോക്തൃ വിഹിതം അടവാക്കിയ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യേണ്ടതാണ്.

നിർമ്മാണം : വി.ഇ.ഒ.

പ്രോജക്ട്- വീടുകൾക്ക് ബിൻ വിതരണം. ( നമ്പർ 178/22,165/22)

അടങ്കൽ : 20,65,350രൂപ

ഈ പദ്ധതിക്കായി ഓഡിറ്റ് വർഷം താഴെ പറയും പ്രകാരം ഐ.ആർടി.സിക്ക് തുക നൽകിയിട്ടുണ്ട്.

| ബിൽ നമ്പർ/ചെക്ക് നമ്പർ | ചെലവഴിച്ച തുക | ഇൻവോയ്സ് നമ്പർ |
|---|---|---|
| 172/7.1.22 | 1,55,400 | ധനകാര്യ കമ്മീഷൻ അവാർഡ് |
| 016480/11.2.22 | 38,850 | ഗുണഭോക്തൃ വിഹിതം |
| 548/5.3.22 | 11,34,000 | ധനകാര്യ കമ്മീഷൻ അവാർഡ് |
| 16589/22.3.22 | 2,49.990 | കേന്ദ്രാവിഷ്കൃത ഫണ്ട് |
| 6589/22.3.22 | 3,00000 | സംസ്ഥാനാവിഷ്കൃത ഫണ്ട് |
| ആകെ | 18,78,240 | |

ഓഡിറ്റ് വർഷം താഴെ പറയും പ്രകാരം ബയോ ബിൻ, ഇനാക്കുലിൻ ഐ.ആർടി.സി ലഭ്യമാക്കിയിട്ടുണ്ട്.

| ഇൻവോയ്സ് | ഇനം | എണ്ണം | തുക |
|---|---|---|---|
| BZB108/16.10.21 | ബയോബിൻ | 185 | 3,33,000 |
| BZB114/30.10.21 | ഇനാക്കുലിൻ | 1850 | 27,750 |

| | | | |
|---|---|---|---|
| | | KG | |
| BZB127/27.11.21 | ഇനാക്കലിൻ | 1850 KG | 27,750 |

ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1). സർക്കാർ ഉത്തരവ് നമ്പർ (ആർ.ടി) 1898/2020/LSGD തിയതി 14.10.2020 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന 20 ലക്ഷത്തിനു മുകളിൽ അടങ്കൽ തുക വരുന്ന ഖര, ദ്രാവക മാലിന്യ സംസ്കരണ പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകേണ്ടത് സംസ്ഥാന ശുചിത്വ മിഷനാണ്. എന്നാൽ അടങ്കൽ 20,65,350 രൂപയുള്ള ഈ പദ്ധതിക്ക് സാങ്കേതികാനുമതി നൽകിയത് ജില്ലാ ശുചിത്വ മിഷനാണ്. സംസ്ഥാന ശുചിത്വ മിഷനിൽ നിന്നും അനുമതി വാങ്ങാതെയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ.7/4.3.23 ന് നൽകിയ മറുപടിയിൽ രണ്ട് പദ്ധതികളായാണ് നടപ്പാക്കിയതെന്ന് അറിയിച്ചു. എന്നാൽ പ്രസ്തുത രണ്ട് പദ്ധതികൾക്കുമായി പ്രത്യേക സാങ്കേതികാനുമതി ലഭ്യമാക്കുകയോ പ്രത്യേകം കരാർ ചമക്കുകയോ ചെയ്തിട്ടില്ല. കൂടാതെ നിലവിൽ പ്രസ്തുത പദ്ധതികളുടെ ചെലവ് 20 ലക്ഷം കവിഞ്ഞതുമാണ്. സർക്കാർ മാർഗ്ഗനിർദേശങ്ങൾക്ക് വിരുദ്ധമായ ചെലവിന് സർക്കാർ അനുമതി ലഭ്യമാക്കേണ്ടതാണ്.

2). ബയോബിൻ കളക്ഷൻ രജിസ്റ്റർ പ്രകാരം ഓഡിറ്റ് വർഷം 291 ഗുണഭോക്താക്കളിൽ നിന്നാണ് ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തിട്ടുള്ളത് (292 X 210= 61320 രൂപ) എന്നാൽ 185 ബയോ ബിൻ മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. കരാർ പത്രിക വ്യവസ്ഥ 5 പ്രകാരം ഗുണഭോക്തൃ വിഹിതം നൽകിയ എല്ലാവർക്കും ബയോ ബിൻ നൽകാൻ ഐ.ആർടി.സി ബാധ്യസ്ഥരാണ്. എന്നാൽ ഐ.ആർടി.സി നാളിതുവരെ മുഴുവൻ ഗുണഭോക്താക്കൾക്കും ബയോ ബിൻ വിതരണം ചെയ്തിട്ടില്ല.

3)കരാർ വ്യവസ്ഥ പ്രകാരമുള്ള ബയോബിൻ വിതരണ ലിസ്റ്റ് സ്ഥാപനം നൽകിയിട്ടില്ല.
4) ഐ.ആർടി.സി നൽകിയ ടാക്സ് ഇൻവോയ്സ് പ്രകാരം 185 ബയോ ബിൻ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയ കൈപറ്റ് പ്രകാരം 197 ഗുണഭോക്താക്കൾക്ക് ബയോ ബിൻ വിതരണം ചെയ്തതായി കാണുന്നു.

ഏതൊക്കെ ഗുണഭോക്താക്കൾക്കാണ് അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമല്ല. ഗുണഭോക്തൃ വിഹിതം പിരിച്ചതിന്റെ രേഖകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ഇതിൽ ആർക്കെല്ലാമാണ് ബയോ ബിൻ ലഭ്യമാക്കിയിട്ടുള്ളത് എന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

5) 894 ബയോ ബിൻ അനുവദിക്കുന്നതിനുള്ള തുക ഓഡിറ്റ് വർഷത്തിൽ (18,78,240 രൂപ) ഐ.ആർടി.സിക്ക് നൽകിയിട്ടുണ്ടെങ്കിലും ഐ.ആർടി.സി നൽകിയ ടാക്സ് ഇൻവോയ്സ് പ്രകാരം 185 ബയോ ബിൻ (3,33,000 രൂപക്കുള്ളത്) മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. 709 ബയോ ബിൻ ( 18,78,240 /2100=894-185=709) നാളിതുവരെ ഐ.ആർടി.സി വിതരണം ചെയ്തിട്ടില്ല. കരാർ വ്യവസ്ഥ 4 പ്രകാരം പേമെന്റ് 2 ഗഡുക്കളായാണ് ഐ.ആർടി.സി നൽകേണ്ടത്. അഡ്വാൻസ് തുക 50% ആദ്യം നൽകേണ്ടതും പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് (മുഴുവൻ വിതരണം ചെയ്തതിന് ശേഷം) അവസാന ഗഡു (ബാക്കി 50%) നൽകേണ്ടതുമാണ്. പദ്ധതി പ്രകാരമുള്ള മുഴുവൻ തുകയും ഐ.ആർടി.സി ക്ക് ആദ്യം തന്നെ നൽകിയതിലൂടെ ഗ്രാമ പഞ്ചായത്ത് കരാർ വ്യവസ്ഥ പാലിച്ചിട്ടില്ല. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 7/4.3.23 ന് നൽകിയ മറുപടിയിൽ 816 ബയോബിനുകളുടെ ഈ-ഇൻവോയ്സ് ഐ.ആർടി.സിയിൽ നിന്നും ഈ- മെയിലായി ലഭ്യമാക്കി, എന്നാൽ പ്രസ്തുത ബയോ ബിൻ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ ഒരു രേഖയും ലഭ്യമാക്കിയിട്ടില്ല, 185 ബയോ ബിൻ മാത്രമാണ് സ്റ്റോക്കിലെടുത്തിട്ടുള്ളത്. 197 എണ്ണം വിതരണം ചെയ്ത കൈപറ്റുരശീതിയും ഹാജരാക്കി. 611 (816-185) ബയോബിനുകൾ സ്റ്റോക്കിലെടുക്കുകയോ 619(816-197) എണ്ണം വിതരണം ചെയ്യുകയോ ചെയ്തിട്ടില്ലാത്തതിനാൽ ഐ.ആർടി.സിയിൽ നിന്നും ഈ-മെയിലായി ലഭ്യമാക്കിയ ഇൻവോയ്സുകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല. ഐ.ആർടി.സിയിൽ നിന്നും ബയോ ബിൻ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് മുഴുവൻ ഗുണഭോക്താക്കൾക്കും ബയോബിൻ വിതരണം ചെയ്ത് ഇൻവോയ്സ് ഉൾപ്പെടെ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്. സ്റ്റോക്ക് വിതരണ രേഖകൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുക 18,78,240 രൂപ തടസ്സം ചെയ്യുന്നു.

## 1-23 നാപ്കിൻ ഇൻസിനറേറ്റർ സ്ഥാപിക്കൽ -പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പെർഫോമൻസ് ബേസ്ഡ് ഇൻസെന്റീവ് ഗ്രാന്റിന്റെ വിനിയോഗം എന്ന പദ്ധതി പ്രകാരം വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി RAIDCO യിൽ നിന്നും 55,321 രൂപയുടെ 2 നാപ്കിൻ ഇൻസിനറേറ്റർ വാങ്ങിയിട്ടുണ്ട്. വിശദ വിവരം ചുവടെ.

| പ്രൊജെക്ട് | ചെലവഴിച്ച തുക | ചെക്ക് നമ്പർ | ഇൻവോയ് നമ്പർ |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ബേസ്ഡ് ഇൻസെന്റീവ് ഗ്രാന്റിന്റെ വിനിയോഗം (182/22) | 40000 | 16495/24.2.22 | TIR/432 /17.01.22 |
| | 15321 (തനത്ഫണ്ട്) | 16495/24.2.22 | |
| ആകെ | 55,321 | | |

ഈ പദ്ധതിയമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.സർക്കാർ ഉത്തരവ് (പി) 3/2013/SPD തിയതി. 21.8.2013 ഖണ്ഡിക 9-1 പ്രകാരമുള്ള ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാതെയാണ് പ്രസ്തുത വാങ്ങലുകൾ നടത്തിയിട്ടുള്ളത്.കൂടാതെ, അക്രഡിറ്റേഷൻ ഉത്തരവുകളിൽ അംഗീകാരം നൽകി പട്ടികപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ/ ബിഡ് മുഖേന മാത്രമേ അനുയോജ്യമായ ഏജൻസിയെ തെരഞ്ഞെടുക്കാവൂ എന്ന് പഞ്ചായത്ത് ഡയറക്ടറുടെ 10.11.2020ലെ PAN 13189/2020-JB(DP) കത്തിൽ സ.ഉ(സാധാ)നം. 1978/2020/ തസ്വഭവ തീ. 21.10.2020 ലെ ഉത്തരവിനെ പരാമർശിച്ച് വ്യക്തമാക്കിയിട്ടുള്ളതുമാണ് . ആയതും പാലിക്കാതെയാണ് RAIDCO യിൽ നിന്നും ഇൻസിനറേറ്റർ വാങ്ങിയിട്ടുള്ളത്.

2.ഇൻവോയ്സ് പ്രകാരം നാപ്കിൻ ഇൻസിനറേറ്റർ ക്യാമ്പസ് മോഡൽ, നാപ്കിൻ ഇൻസിനറേറ്റർ ഓഫീസ് മോഡൽ എന്നിങ്ങിനെ രണ്ട് തരം ഇൻസിനറേറ്ററുകൾ വാങ്ങിയിട്ടുണ്ടെങ്കിലും ഇൻസിനറേറ്റർ ക്യാമ്പസ് മോഡൽ ജി.ജി.എച്ച്.എസ് പുറത്തൂരിൽ സ്ഥാപിച്ചതായി ഹെഡ്മിസ്ട്രസ് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നാപ്കിൻ ഇൻസിനറേറ്റർ ഓഫീസ് മോഡൽ സ്ഥാപിച്ചതിന്റെ വിവരം ലഭ്യമല്ല. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ. 12/4.3.2023 ന് നൽകിയ മറുപടിയിൽ നാപ്കിൻ ഇൻസിനറേറ്റർ ഓഫീസ് മോഡൽ ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിൽ സ്ഥാപിച്ചിട്ടുണ്ട് എന്ന് അറിയിച്ചു. ഭാവിയിൽ എല്ലാ വാങ്ങലുകളിലും സ്റ്റോർ പർച്ചേയ്സ് ചട്ടങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 വയോജനങ്ങൾക്ക് കട്ടിൽ വിതരണം-സർക്കാർ മാർഗ്ഗ നിർദേശങ്ങൾ പാലിച്ചില്ല.

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ വയോജനങ്ങൾക്ക് കട്ടിൽ (28/22) (ജനറൽ) എന്ന പദ്ധതിക്കായി KADCO യിൽ നിന്നും ക്വട്ടേഷനില്ലാതെ കട്ടിൽ 1ന് 3950 രൂപ നിരക്കിൽ 180 കട്ടിൽ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. വിശദ വിവരം ചുവടെ.

| ബിൽ നമ്പർ | ചെലവഴിച്ച തുക | ഇൻവോയ്സ് നമ്പർ |
|---|---|---|
| 8/10.2.22 | 315957 | NRO/SALES /422/15.1.22 |
| 11/21.3.22 | 394946 | NRO/SALES /596/25.2.22 |
| ആകെ | 7,10,903 | |

ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു,

1.ഈ പദ്ധതിക്കായി ടെണ്ടർ ക്ഷണിക്കാതെയാണ് KADCO തെരെഞ്ഞെടുത്തിട്ടുള്ളത്, എന്നാൽ ജി.ഒ (ആർ.ടി) നമ്പർ 20/2020/SPD/തീയതി 23.10.20 ഉത്തരവ് പ്രകാരം സർക്കാർ സ്ഥാപനങ്ങൾ ടെണ്ടർ ക്ഷണിക്കാതെ KADCO യിൽനിന്നും ഉപകരണങ്ങൾ വാങ്ങുമ്പോൾ KADCO മാനേജിംഗ് ഡയറക്ടറിൽ നിന്നും പ്രസ്തുത ഉപകരണങ്ങൾ KADCO യിൽ സ്വയം നിർമ്മിച്ചതാണ് എന്ന സാക്ഷ്യപത്രം വാങ്ങേണ്ടതാണ് എന്ന് നിർദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് ഈ നിർദേശം പാലിച്ചിട്ടില്ല.

2.ജി.ഒ (ആർ.ടി) നമ്പർ 20/2020/SPD/തിയതി 23.10.20 ഉത്തരവ് ഖണ്ഡിക 4 പ്രകാരം സർക്കാർ സ്ഥാപനങ്ങൾ ടെണ്ടർ ക്ഷണിക്കാതെ KADCO യിൽനിന്നും ഉപകരണങ്ങൾ വാങ്ങുമ്പോൾ KADCO സ്വയം നിർമ്മിച്ച വസ്തുക്കൾ മാത്രമാണ് ക്വട്ടേഷൻ കൂടാതെ വാങ്ങുന്നതിന് അനുവാദമുള്ളത്. എന്നാൽ ഗ്രാമ പഞ്ചായത്ത് വാങ്ങിയ Hard Wood Cot 198 X90 X60 X 50 KADCO സ്വയം നിർമ്മിച്ച അവരുടെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

3.കട്ടിൽ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിവരം ലഭ്യമല്ല. സ്റ്റോക്ക് രജിസ്റ്ററിൽ ഇൻവോയ്സ് നമ്പർ രേഖപ്പെടുത്താത്തത് കാരണം ഇൻവോയ്സ് പ്രകാരമുള്ള കട്ടിൽ ലഭ്യമായോ, എത്ര കട്ടിൽ വിതരണം ചെയ്തു തുടങ്ങിയ വിവരങ്ങൾ ലഭ്യമല്ല. ഓഡിറ്റ് വർഷം ഇൻവോയ്സ് പ്രകാരം 180 കട്ടിലുകളാണ് ലഭ്യമായിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 456 കട്ടിലുകൾ വിതരണം ചെയ്തതായി കാണുന്നു.

4.കട്ടിൽ വിതരണത്തിനായി ഗ്രാമ പഞ്ചായത്ത് തയ്യാറാക്കിയ അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ് പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. കട്ടിലുകൾ വാങ്ങി ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്ന രീതിയാണ് ഗ്രാമ പഞ്ചായത്ത് അവലംബിക്കുന്നത്. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 9/4.3.23 ന് മറുപടി നൽകിയിട്ടില്ല. ഗുണഭോക്താക്കളെ പട്ടികപ്പെടുത്തി ആവശ്യകതക്കനുസരിച്ച് സാധനങ്ങൾ വാങ്ങേണ്ടതും വിതരണം ചെയ്യേണ്ടതുമാണ്. എല്ലാ വാങ്ങലുകളിലും സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ കർശനമായും പാലിക്കേണ്ടതും സ്റ്റോക്ക് രജിസ്റ്ററിൽ ഇൻവോയ്സ് രേഖപ്പെടുത്തേണ്ടതുമാണ്.

## 1-25 പോഷകാഹാര വിതരണം ( ജനറൽ)- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

അനുപൂരക പോഷകാഹാരം (ജനറൽ) [21/22] എന്ന പദ്ധതിക്കായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ബിൽ നമ്പർ /ചെക്ക് നമ്പർ | ചെലവഴിച്ച തുക | ഫണ്ട് |
|---|---|---|
| 3/26.8.21 | 961556 | വികസനഫണ്ട് |
| 5/8.9.21 | 167212 | വികസനഫണ്ട് |
| 6/8.9.21 | 5197 | വികസനഫണ്ട് |
| 7/17.1.21 | 508335 | വികസനഫണ്ട് |
| 4602420/28.9.21 | 354060 | കേന്ദ്രാവിഷ്കൃത ഫണ്ട് |
| 4602417/1.9.21 | 174920 | കേന്ദ്രാവിഷ്കൃത ഫണ്ട് |
| 4670230/4.12.21 | 475179 | കേന്ദ്രാവിഷ്കൃത ഫണ്ട് |
| 16486/17.2.22 | 12722 | കേന്ദ്രാവിഷ്കൃത ഫണ്ട് |
| 16803/31.3.22 | 483119 | കേന്ദ്രാവിഷ്കൃത ഫണ്ട് |
| ആകെ | 3142300 | |

പദ്ധതിയുടെ രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1). ഭക്ഷണ സാധനത്തിന്റെ ഗുണനിലവാര പരിശോധന നടത്തിയിട്ടില്ല.

സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ 18.12.2010 തീയതിയിലെ ഐ.സി.ഡി.എസ് ബി3-312/10 നമ്പർ കത്ത് പ്രകാരം രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ടുകളുടെ സാമ്പിളുകൾ പരിശോധന നടത്താനും നിർദ്ദേശിച്ചിരുന്നു. എന്നാൽ വിതരണം ചെയ്ത ഭക്ഷണ സാധനത്തിന്റെ ഗുണനിലവാര പരിശോധന നടത്തിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2). ന്യൂട്രിമിക്സ് വിതരണം ചെയ്യുന്ന സ്ഥാപനത്തെ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ ന്യൂട്രിമിക്സ് വിതരണം ചെയ്ത സമൃതം, ചൈതന്യ ന്യൂട്രീമിക്സ് എന്നീ സ്ഥാപനങ്ങളെ പഞ്ചായത്തിലെ വിതരണത്തിനുള്ള ഏജൻസിയായി പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടില്ല. ഈ സ്ഥാപനങ്ങളുമായി ന്യൂട്രിമിക്സ് വിതരണത്തിന് പഞ്ചായത്ത് /നിർവ്വഹണോദ്യോഗസ്ഥൻ കരാർ ചമച്ചിട്ടുമില്ല.

3)TDS ഈടാക്കിയില്ല

ഗുഡ്സ് & സർവ്വീസ് ആക്ട് 2017- ലെ സെക്ഷൻ 51, 21.07.2018-ലെ 28-ാമത് ജി.എസ്.ടി കൗൺസിൽ തീരുമാനം

എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്ഥാപനങ്ങൾ വാങ്ങുന്ന സാധനങ്ങളുടെ ബില്ലിൽ നികുതി കിഴിച്ചുള്ള തുകയുടെ 2 ശതമാനം TDS ഈടാക്കേണ്ടതാണ്. എന്നാൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അനുപൂരക പോഷകാഹാര വിതരണം എന്ന പദ്ധതി പ്രകാരം ചൈതന്യ ന്യൂട്രീമിക്സ് എന്ന സ്ഥാപനത്തിൽ നിന്നും ന്യൂട്രീമിക്സ് വാങ്ങുന്നതിന് ചെലവഴിച്ച തുകയുടെ ബില്ലുകളിൽ ജി.എസ്.ടി TDS ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് | ബിൽ നമ്പർ/വൌച്ചർ നമ്പർ | സ്ഥാപനത്തിന്റെ പേര്. | ഇൻവോയിസ് നമ്പർ / തിയ്യതി | ജി.എസ്.ടി ബാധകമായ തുക |
|---|---|---|---|---|
| അനുപൂരക പോഷകാഹാര വിതരണം [21/22] | 3/26.8.21 | സമൃതം ന്യൂട്രീമിക്സ് | 114/25.2.21 | 164850 |
| | | | 117/27.3.21 | 153650 |
| | | | 121/22.4.21 | 134400 |
| | | | 161/28.5.21 | 146300 |
| | | | 172/2.6.21 | 15400 |
| | | | 173/30.7.21 | 156380 |
| അനുപൂരക പോഷകാഹാര വിതരണം [21/22] | 185/3.9.21 | സമൃതം ന്യൂട്രീമിക്സ് | 185/3.9.21 | 102000 |
| | | | 194/7.10.21 | 88,800 |
| അനുപൂരക പോഷകാഹാര വിതരണം [21/22] | 4602420/ 28.9.21 | | 174/3.8.21 | 96900 |
| അനുപൂരക പോഷകാഹാര വിതരണം [21/22] | 16803/ 31.3.22 | | 137/28.11.21 | 136256 |
| | | | 231/29.1.22 | 63572 |
| | | | 205/29.12.21 | 5547 |

4) സ്റ്റോക്ക് രജിസ്റ്ററുകൾ ഇൻവോയ്സുമായി പൊരുത്തപ്പെടുന്നില്ല .

ഗ്രാമപഞ്ചായത്തിൽ ഭക്ഷ്യ വസ്തുക്കൾ വിതരണം ചെയ്ത സ്ഥാപനങ്ങൾ സമർപ്പിച്ച ഇൻവോയ്സും അംഗനവാടി,ഐ.സി.ഡി.എസ്. സൂപ്പർവൈസർ സൂക്ഷിക്കുന്ന സ്റ്റോക്ക് രജിസ്റ്ററും തമ്മിൽപൊരുത്തപ്പെടുന്നില്ല വിശദ വിവരം ചുവടെ

| ക്രമ നം | ഭക്ഷ്യ വസ്തു/വിതരണം ചെയ്ത സ്ഥാപനം | ഇൻവോയിസ് നമ്പർ / തിയ്യതി | ഇൻവോയിസ് പ്രകാരം | സ്റ്റോക്ക് രജിസ്റ്റർ പ്രകാരം |
|---|---|---|---|---|
| | ശർക്കര ,മാവേലി സ്റ്റോർ | 21349/3.9.21 | 945 KG | 955 KG |

5)2020-21 വർഷത്തിൽ വിതരണം ചെയ്ത ഭക്ഷ്യ വസ്തുക്കളുടെ തുക ഓഡിറ്റ് വർഷം നൽകിയിട്ടുണ്ട് എന്നാൽ ആയത് സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമല്ല.വിശദ വിവരം ചുവടെ

| ചെക്ക് നമ്പർ | ചെലവഴിച്ച തുക | ഇൻവോയിസ് നമ്പർ / തിയ്യതി | നൽകിയ സ്ഥാപനം |
|---|---|---|---|
| 4602417/1.9.21 | 174920 | 1002129/20497 /10.12.20 | മാവേലി സ്റ്റോർA/c No.FDRL-156002000602 |

അപാകതകൾ ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10/3.3.23 ന് മറുപടി നൽകിയിട്ടില്ല. ഭാവിയിൽ ന്യൂട്രീമിക്സ് വാങ്ങുന്നതിന് ചെലവഴിച്ച തുകയുടെ ബില്ലുകളിൽ ജി.എസ്.ടി ഈടാക്കേണ്ടതും രണ്ട് മാസത്തിലൊരിക്കൽ ഭക്ഷ്യ വസ്തുക്കൾ ഫുഡ് ടെസ്റ്റ് ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കേണ്ടതുമാണ്.

## 1-26 പരിരക്ഷാ പദ്ധതി നടത്തിപ്പിലെ അപാകതകൾ.

ഗ്രാമ പഞ്ചായത്തിൽ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പരിരക്ഷ (പ്രൊജക്ട് നമ്പർ. 127/22) എന്ന പദ്ധതിക്കായി 8,52,510 (വികസന ഫണ്ട് -7,52,510 +ബ്ലോക്ക് വിഹിതം 100000)രൂപ ചെലവഴിച്ചിട്ടുണ്ട് എന്നാൽ ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

1.)സർക്കാർ ഉത്തരവ് (സാധാ) നമ്പർ 553/2019 ത.സ്വ.ഭ.വ. തിയതി.07.03.2019 പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ ഖണ്ഡിക 2.2 പ്രകാരം ദീർഘകാല പരിചരണം ആവശ്യമായ രോഗികളെ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് പ്രസ്തുത ലിസ്റ്റ് പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

2.)സർക്കാർ ഉത്തരവ് (സാധാ) നമ്പർ 553/2019 ത.സ്വ.ഭ.വ. തിയതി.07.03.2019 പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ ഖണ്ഡിക 2.9.1 പ്രകാരം പാലിയേറ്റീവ് കെയർ പദ്ധതിയുടെ നടത്തിപ്പിനും മേൽനോട്ടം വഹിക്കുന്നതിനുമായി ഒരോ സാമ്പത്തിക വർഷത്തിനുമുൻപും ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണായും മെഡിക്കൽ ഓഫീസർ മെമ്പർ സെക്രട്ടറിയായും പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതും രണ്ട് മാസത്തിലൊരിക്കെലെങ്കിലും യോഗം ചേരേണ്ടതും ഓരോ മാസത്തേയും വരവ് ചെലവ് കണക്കുകൾ മെമ്പർ സെക്രട്ടറി യോഗത്തിൽ അവതരിപ്പിക്കേണ്ടതും പി,എം.സി.ആയത് അംഗീകരിക്കേണ്ടതുമാണ് എന്ന് നിർദേശിച്ചിരുന്നു. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ പി.എം.സി മിനുട്സ് പരിശോധിച്ചതിൽ ഓഡിറ്റ് വർഷത്തിൽ രണ്ട് തവണ(13.10.21,10.1.22 )മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. വരവ് ചെലവ് കണക്കുകൾ അംഗീകരിച്ചിട്ടില്ല.

3.) ഈ പദ്ധതിയുടെ ഭാഗമായി മരുന്ന് വാങ്ങുന്നതിനായി കെ.എം.എസ്.സി.എൽ, ഔഷധി എന്നീ സ്ഥാപനങ്ങൾ ലഭ്യമാക്കിയ വിവിധ ഇൻവോയ്സുകളുടെ അടിസ്ഥാനത്തിൽ തുക നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല. വിശദ വിവരം ചുവടെ

| പദ്ധതി | നൽകിയ തുക | ബിൽ നമ്പർ | പ്രഫോർമാ ഇൻവോയ്സ് | തുക നൽകിയ സ്ഥാപനം |
|---|---|---|---|---|
| പരിരക്ഷ മരുന്ന് വാങ്ങൽ | 2,61,000 | 5/19.8.21 | PRF1341/ 27.7.21 | കെ.എം.എസ്.സി.എൽ |
| പരിരക്ഷ രോഗികൾക്ക് ആയുർവ്വേദ മരുന്ന് വാങ്ങൽ | 1,00,000 | 6/20.9.21 | 136243/5.8.21 | ഔഷധി |
| പരിരക്ഷ മരുന്ന് വാങ്ങൽ | 1,00,000 | 13/25.11.21 | PRF 1813/ 25.11.21 | കെ.എം.എസ്.സി.എൽ |
| ആകെ | 4,61,000 | | | |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 8/4.3.22 ന് മറുപടി നൽകിയിട്ടില്ല. അപാകതകൾക്ക് മറുപടി നൽകേണ്ടതും മരുന്ന് ലഭ്യമാക്കാനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-27 വീട് വാസയോഗ്യമാക്കൽ ധനസഹായം നൽകി-നാളിതുവരെ പ്രവർത്തിപൂർത്തീകരിച്ചില്ല.

ഗ്രാമ പഞ്ചായത്തിൽ വി.ഇ.ഒ നിർവ്വഹണം നടത്തിയ വീട് വാസയോഗ്യമാക്കൽ SC (പ്രൊജക്ട് നമ്പർ. 176/22) എന്ന പദ്ധതി പ്രകാരം 6,00,000രൂപ (വികസനഫണ്ട് SCP ) ചെലവഴിച്ച് വീട് വാസയോഗ്യമാക്കുന്നതിന് ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു

| ഗുണഭോക്താവ് | ധനസഹായം | ബിൽ നമ്പർ | അപാകതകൾ |
|---|---|---|---|
| ശ്രീമതി.അനിത പടന്നയിൽ വാർഡ്.12 | 50,000 | 7/26.3.22 | സർക്കാർ ഉത്തരവ് (എം.എസ്)22/2018 തസ്വ.ഭ.വ14.2.2018 ഖണ്ഡിക 6.7 പ്രകാരം കരാർ ചമച്ച് 6മാസത്തിനുള്ളിൽ നിർമ്മാണം പൂർത്തീകരിച്ച് എൽ.എസ്.ജി.ഡി.എഞ്ചിനിയർ വാല്യുവേഷൻ നടത്തിയ ശേഷമാണ് തുക അനുവദിക്കേണ്ടത്എന്നാൽ പ്രസ്തുത ഗുണഭോക്താവ് നാളിതുവരെ നിർമ്മാണം പൂർത്തികരിച്ചിട്ടില്ല. |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 22/6.3.23 ന് നൽകിയ മറുപടിയിൽ നിലവിൽ വീട് റിപ്പയർ പൂർത്തീകരിച്ചിട്ടുണ്ട് എന്ന് അറിയിച്ചു. സർക്കാർ മാർഗ്ഗ നിർദേശങ്ങൾ പാലിച്ച് സമയബന്ധിതമായി നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ച് വാല്യുവേഷൻ ഹാജരാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 സർക്കാർ മാർഗ്ഗ നിർദേശങ്ങൾ പാലിക്കാതെ വിവാഹ ധനസഹായം നൽകി

ഗ്രാമ പഞ്ചായത്തിൽ അസി.സെക്രട്ടറി നിർവ്വഹണം നടത്തിയ എസ്.സി. വിവാഹ ധനസഹായം (പ്രൊജക്ട് നമ്പർ. 01/22) എന്ന പദ്ധതി പ്രകാരം 20,25,000രൂപ (20,15,000 വികസനഫണ്ട്.എസ്.സി.പി +10,000 തനത് ഫണ്ട് ) ചെലവഴിച്ച് വിവാഹ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.സർക്കാർ ഉത്തരവ് (സാധാ) 2438/18 ത.സ്വ.ഭ.വ തിയതി 7.3.18 പ്രകാരം വിവാഹധനസായത്തിന് അപേക്ഷിക്കുന്നവർ വിവാഹം നടന്ന് 180 ദിവസത്തിനകം ധനസഹായത്തിനായി ഗ്രാമ പഞ്ചായത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ് എന്നും പ്രസ്തുത കാലപരിധിക്കകം അപേക്ഷിക്കാത്ത കേസുകളിൽ പ്രത്യേകം പരിശോധിച്ച് അനുമതി നൽകാൻ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിയായ ജില്ലാകളക്ടറെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.എന്നാൽ ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ 180 ദിവസത്തിനു ശേഷം അപേക്ഷ നൽകിയ താഴെ പറയുന്ന ഗുണഭോക്താവിന് ധനസഹായം വിതരണം ചെയതിട്ടുള്ളത് ജില്ലാകളക്ടറുടെ അനുമതി സാക്ഷ്യപത്രം ഹാജരാക്കാതെയാണ്. വിശദവിവരം ചുവടെ.

| ഗുണഭോക്താവ് | വിവാഹം നടന്ന തിയതി | ധനസഹായത്തിന് അപേക്ഷിച്ച തിയതി | ധനസഹായം | ബിൽ നമ്പർ |
|---|---|---|---|---|
| ശ്രീമതി,ബിന്ദു D/o.കാളി | 29.7.20 ( Certificate No.5635/22 /6.2.21) | 11.2.21 (Inward No. A2-1457/21) | 75,000 | 2/5.8.21 |
| | | ആകെ | 75000 | |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 23/6.3.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും ധനസഹായം നൽകുമ്പോൾ സർക്കാർ ഉത്തരവുകൾ കർശനമായും പാലിക്കേണ്ടതുമാണ്.

## 1-29 ഹരിതകർമ്മസേന-പ്രവർത്തനം-പുരോഗതി

സംസ്ഥാനത്തിന്റെ സുസ്ഥിര മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് ചലനാത്മകത പകർന്ന് കൊണ്ട് നടപ്പിലാക്കി വരുന്ന നൂതന സംരംഭമാണ് ഹരിത കർമ്മസേന. ശുചിത്വ മാലിന്യ സംസ്കരണം, സുസ്ഥിര കൃഷിവികസനം, ജലവിഭവ സംരക്ഷണം, എന്നിവ ഉൾക്കൊള്ളുന്ന ഹരിത കേരള മിഷൻ, ദാരിദ്ര്യ നിർമ്മാർജ്ജനവും, സ്ത്രീശാക്തീകരണവും മുഖമുദ്രയാക്കി പ്രവർത്തിക്കുന്ന കുടുംബശ്രീ, ശുചിത്വമിഷൻ, ക്ലീൻ കേരള കമ്പനി, പൊല്യൂഷൻ കൺട്രോൾ ബോർഡ്, എന്നിവ സംയോജിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ പ്രാവർത്തികമാക്കുന്ന ഈ പദ്ധതി തൊഴിൽ സംരംഭ ഗ്രൂപ്പുകളിലൂടെയാണ് നടപ്പിലാക്കുന്നത്.

ഹരിതകേരള മിഷന്റെ മാലിന്യരഹിത കേരളം എന്ന ക്യാമ്പയിന്റെ ഭാഗമായാണ് ഹരിത കർമ്മസേന – തൊഴിൽ സംരംഭ ഗ്രൂപ്പുകൾ രൂപീകരിക്കുന്നത്. മാലിന്യ സംസ്കരണ രംഗത്ത് കേരളത്തിന്റെ വ്യക്തി മുദ്ര പതിപ്പിക്കുന്ന ഹരിത കർമ്മസേന യുടെ രൂപീകരണം സംബന്ധിച്ച് 15.07.2017 ലെ സ.ഉ (സാധാ) നം.2420/2017/ത.സ്വ.ഭ.വ ഉത്തരവിൽ വിശദമായി പരാമർശിച്ചിട്ടുണ്ട്. സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ – കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.04.2018 ലെ 10394/D-2017/KSHO നമ്പർ ഉത്തരവിലൂടെ ഹരിത കർമ്മസേന മൈക്രോ സംരംഭങ്ങൾ രൂപീകരിക്കുന്നതിനും, പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുമുള്ള മാർഗ്ഗനിർദേശങ്ങൾ അടങ്ങിയ പ്രവർത്തന മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനം 24.06.2019 ൽ ആണ് ആരംഭിച്ചത്. 19 വാർഡുകൾ ഉള്ള ഗ്രാമ പഞ്ചായത്തിൽ നിലവിൽ 22 അംഗങ്ങളാണ് ഹരിത കർമ്മസേനയിൽ ഉള്ളത്. നിലവിലെ അംഗങ്ങൾ തന്നെ മുഴുവൻ വാർഡിലേയും മാലിന്യ ശേഖരണം നടത്തുകയാണ്. നിലവിൽ ഒരു പ്രസിഡണ്ട്, സെക്രട്ടറി, എന്നിവരുടെ നേതൃത്വത്തിലാണ് പ്രവർത്തനങ്ങൾ നടക്കുന്നത്. വീടുകളിൽ നിന്ന് മാലിന്യം ശേഖരിക്കുന്നതിന് വീട് ഒന്നിന് 50/- രൂപയും, കടകൾക്ക് 100/- രൂപയും ഫീസ് ഈടാക്കി വരുന്നു. ആയത് പിരിക്കുന്നതിന് പ്രത്യേകം തയ്യാറാക്കിയ രശീത് ബുക്കുകൾ ഉപയോഗിക്കുന്നു. ഇത് കൂടാതെ മാലിന്യങ്ങൾ തരം തിരിച്ച് ക്ലീൻ കേരള കമ്പനിക്ക് നൽകുമ്പോൾ ലഭിക്കുന്ന തുകയുമാണ് ഹരിത കർമ്മസേനയുടെ വരുമാനം.

പ്രാരംഭ ഘട്ടത്തിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്ക് തുക തികയാതെ വരുന്ന സന്ദർഭങ്ങളിൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്തിൽ നിന്നും വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിച്ചിരുന്നു. 2021-22 വർഷത്തിൽ VEO നിർവഹണ ഉദ്യോഗസ്ഥനായി പ്രൊജക്റ്റ് 251/22, ഹരിതകർമ്മസേന-വി.ജി.എഫ്എന്ന പദ്ധതി പ്രകാരം 4,69,700 (തനത് ഫണ്ട് ബിൽ നമ്പർ 494/18.2.22)
രൂപ ഗ്യാപ് ഫണ്ട് ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. നിലവിൽ ഗ്യാപ് ഫണ്ട് അനുവദിക്കുന്നില്ല എന്നും, ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക സ്വയം കണ്ടെത്തുന്നുണ്ട് എന്നും കൺസോർഷ്യം പ്രസിഡണ്ട് അറിയിച്ചു.

മാലിന്യങ്ങൾ വേർതിരിക്കുന്നതിനുള്ള എം.സി.എഫ് (മെറ്റീരിയൽ സംഭരണ കേന്ദ്രം) പ്രവർത്തനം നടക്കുന്നത് 11 ാം വാർഡിലെ ആളൂരിലുള്ള കെട്ടിടത്തിലാണ് .

ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി ഹരിത കർമ്മസേനയുടെ പേരിൽ 28.06.2019 മുതൽ 0201110008859 നമ്പരിൽ പുറത്തൂർ സർവ്വീസ് സഹകരണ ബാങ്ക് കാവിലക്കാട് ശാഖയിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പാസ് ബുക്ക് പ്രകാരം 31.3.2022 ന് 21409 രൂപ നീക്കിയിരിപ്പുണ്ട്. ഈ അക്കൗണ്ടിന്റെ പാസ്ബുക്ക് പരിശോധനക്ക് ലഭ്യമാക്കിയിട്ടുണ്ട്.

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഹരിത കർമ്മസേന പ്രവർത്തന മാർഗ്ഗരേഖ 2.4 പ്രകാരം ഓരോ മാസത്തിലും എക്സിക്യൂട്ടീവ് കമ്മിറ്റി യോഗങ്ങൾ നടത്തേണ്ടതാണ്. 2021-22 വർഷത്തെ മിനട്സ് ബുക്ക് പരിശധിച്ചതിൽ 2 യോഗങ്ങൾ ചേർന്നിട്ടുണ്ട്. നിലവിൽ നല്ലരീതിയിൽ പ്രവർത്തിച്ച് വരുന്ന ഹരിതകർമ്മ സേനയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. മാർഗ്ഗരേഖ ഖണ്ഡിക 1.5 പ്രകാരം ഹരിത കർമ്മസേനയുടെ സാമ്പത്തിക സ്രോതസ്സ് എങ്ങിനെയായിരിക്കണം എന്ന് വിശദീകരിച്ചിട്ടുണ്ട്. നിലവിൽ യൂസർ ഫീയും, മാലിന്യങ്ങൾ ക്ലീൻ കേരളക്ക് വിൽക്കുമ്പോൾ ലഭിക്കുന്ന തുകയുമാണ് വരുമാനം. മാർഗ്ഗരേഖയിൽ പരാമർശിച്ച പ്രകാരമുള്ള വരുമാന സ്രോതസ്സുകൾ കണ്ടെത്തി ഹരിത കർമ്മസേനയുടെ പ്രവർത്തനം മെച്ചപ്പെടുത്താവുന്നതാണ്.

## 1-30 SC വിദ്യാർത്ഥികൾക്ക് മെറിട്ടോറിയസ് സ്കോളർഷിപ്പ് -സർക്കാർ മാർഗ്ഗ നിർദേശങ്ങൾ പാലിച്ചില്ല

ഗ്രാമ പഞ്ചായത്തിൽ അസി.സെക്രട്ടറി നിർവ്വഹണം നടത്തിയ SC വിദ്യാർത്ഥികൾക്ക് മെറിട്ടോറിയസ് സ്കോളർഷിപ്പ് (പ്രൊജക്റ്റ് നമ്പർ. 62/22) എന്ന പദ്ധതി പ്രകാരം 11,60,000രൂപ (വികസനഫണ്ട്.എസ്.സി.പി ) ചെലവഴിച്ച് മെറിട്ടോറിയസ് സ്കോളർഷിപ്പ് വിതരണം ചെയ്തിട്ടുണ്ട്. സർക്കാർ ഉത്തരവ് (എം.എസ്)22/2018 തസ്വ.ഭ.വ14.2.2018 ഖണ്ഡിക7,2.5 പ്രകാരം സംസ്ഥാന സർക്കാരോ,കേന്ദ്ര സർക്കാരോ ചുതലപ്പെടുത്തിയ ഏജൻസികളോ നടത്തുന്ന വിവിധ കേഴ്സുകളിലേക്കാണ് മെറിട്ടോറിയസ് സ്കോളർഷിപ്പിന് അർഹതയെന്നും പാരലൽ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾ സർവ്വകലാശാലയിൽ രജിസ്റ്റർ ചെയ്ത രേഖകൾ ഹാജരാക്കേണ്ടതാണ് എന്നും നിർദേശിച്ചിരുന്നു. എന്നാൽ ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ തിരൂർ കോ-ഓപ്പറേറ്റീവ് കോളേജിൽ പഠിക്കുന്ന താഴെ പറയുന്ന വിദ്യാർത്ഥികൾക്ക് ധനസഹായം വിതരണം ചെയതിട്ടുള്ളത് കോ-ഓപ്പറേറ്റീവ് കോളേജ് പ്രിൻസിപ്പലിന്റെ സാക്ഷ്യപത്രം പ്രകാരമാണ്. സർവ്വകലാശാലയിൽ രജിസ്റ്റർ ചെയ്ത രേഖകൾ ഹാജരാക്കിയിട്ടില്ല. വിശദവിവരം ചുവടെ

| ക്രമ | ഗുണഭോക്താവ് | കോഴ്സ് | ബിൽ | ധനസഹായം |
|---|---|---|---|---|

| നമ്പർ | | | നമ്പർ | |
|---|---|---|---|---|
| 1 | സാന്ദ്ര AK | Mcom | 11/9.11.22 | 30,000 |
| 2 | അക്ഷയ് വി.പി. | Bcom | 11/9.11.22 | 20,000 |
| 3 | അനില.കെ.പി | Bcom | 11/9.11.22 | 20,000 |
| 4 | പ്രവീൺ.പി.പി. | BBA | 11/9.11.22 | 20,000 |
| 5 | കൃഷ്ണപ്രിയ.പി.പി | Bcom | 11/9.11.22 | 20,000 |
| 6 | അമൽരാജ് | BA | 11/9.11.22 | 20,000 |
| 7 | ശാരിക | Bcom | 11/9.11.22 | 20,000 |
| 8 | സുദർഷ്.ടി | Bcom | 11/9.11.22 | 20,000 |
| 9 | സഞ്ജയ്.ടി | Bcom | 11/9.11.22 | 20,000 |
| 10 | ഷൈൻപ്രകാശ് | Bcom | 11/9.11.22 | 20,000 |
| 11 | പ്രണവ്.എം | Bcom | 27/21.3.22 | 20,000 |
| 12 | അഭിരാമി.പി.പി | BA | 27/21.3.22 | 20,000 |
| 13 | സച്ചിൻ സതീഷ് | Bcom | 27/21.3.22 | 20,000 |
| 14 | ആൻസി.യു | BA | 27/21.3.22 | 20,000 |
| 15 | മനീഷ.പി | Bcom | 27/21.3.22 | 20,000 |
| | | | ആകെ | 3,10,000 |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 24/6.3.23 ന് മറുപടി നൽകിയിട്ടില്ല. വരും വർഷങ്ങളിൽ മെറിട്ടോറിയസ് സ്കോളർഷിപ്പ് വിതരണം ചെയ്യുമ്പോൾ സർക്കാർ ഉത്തരവുകൾ കർശനമായും പാലിക്കേണ്ടതാണ്.

## 1-31 ആശ്രയ പദ്ധതി-പ്രവർത്തന പുരോഗതിയുണ്ടായില്ല.

നിലവിലെ ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളവരും എന്നാൽ സേവനത്തിന് തുടർന്നും അർഹരായവരെയും കണ്ടെത്തി ഒരു ഏകീകൃത പദ്ധതി എന്ന നിലയ്ക്കാണ് അഗതിരഹിതകേരളം പദ്ധതി ആരംഭിച്ചത്. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് സ.ഉ(എംഎസ്)നം.252/2017/തസ്വഭവ തി.12.12.2017 പ്രകാരം മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. സമൂഹത്തിന്റെ താഴെ തട്ടിലുള്ള അവശ ജനവിഭാഗങ്ങളുടെ പുരോഗതി ലക്ഷ്യമാക്കിയാണ് ഈ പദ്ധതി ആരംഭിച്ചിട്ടുള്ളത്. കുടുംബശ്രീ നിശ്ചയിച്ചിട്ടുള്ള ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നത്.

2019-20 വർഷത്തിലാണ് അഗതിരഹിത കേരളം പദ്ധതി പുറത്തൂർ ഗ്രാമ പഞ്ചായത്തിൽ ആരംഭിച്ചത്. 2021-22 വർഷത്തിൽ അവസാനിക്കുകയും ചെയ്തു. അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 2/22 അഗതി രഹിത കേരളം പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് ഭക്ഷ്യകിറ്റ് വിതരണം,വീട്ടുനിർമ്മാണം എന്നീ പ്രവർത്തികൾക്കായി തനത് ഫണ്ടിൽ നിന്നും താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്

| ബിൽ നമ്പർ | ചെലവഴിച്ച തുക |
|---|---|
| 9/26.10.21 | 25,00,000 |
| 23/2.1.22 | 1,00,000 |
| ആകെ | 26,00,000 |

2021-22 സാമ്പത്തിക വർഷത്തിൽ അഗതിരഹിത കേരളം പദ്ധതിക്ക് ചലഞ്ച്ഫണ്ട് ലഭ്യമായിട്ടില്ല.

അഗതിരഹിതകേരളം പദ്ധതിക്കായി കേരളാ ഗ്രാമീൺ ബാങ്ക് കാവിലക്കാട് ശാഖയിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട് (അക്കൗണ്ട് നമ്പർ 40206101085707). പ്രസ്തുത അക്കൗണ്ടിൽ 31-3-2022 ന് ആകെ 62,06,961.57 രൂപ ബാലൻസ് ഉണ്ട്. നിലവിൽ ഈ അക്കൗണ്ടിൽ 73,74,546 രൂപ ബാലൻസ് ഉണ്ട്(8.2.2023 ന്). 2019-20 വർഷത്തിൽ പദ്ധതി ആരംഭിക്കുമ്പോൾ ആകെ 186 ഗുണഭോക്താക്കളാണ് അഗതിരഹിതകേരളം പദ്ധതിയിൽ ഗ്രാമ പഞ്ചായത്തിൽ നിലവിലുണ്ടായിരുന്നത്. 167 ഗുണഭോക്താക്കളാണ് നിലവിലുള്ളത് .

അഗതി രഹിത കേരളം പദ്ധതി സംബന്ധിച്ച് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1 അഗതിരഹിതകേരളം പദ്ധതി അവസാനിച്ച സന്ദർഭത്തിൽ മാർഗരേഖയിൽ പരാമർശിച്ച എല്ലാ സേവനങ്ങളും

ഗുണഭോക്താക്കൾക്ക് ലഭ്യമാക്കിയില്ല.

2 അയൽക്കൂട്ടങ്ങൾ അഗതി മോണിറ്ററിംഗ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
വിഷയം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-32 വൃക്കരോഗികൾക്ക് ധനസഹായം-ജില്ലാ പഞ്ചായത്തിന് വിഹിതം നൽകിയ തുകക്കുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

സെക്രട്ടറി നിർവ്വഹണം നടത്തിയ ഡയാലിസിസ് ചെയ്യുന്ന ആശുപത്രികൾക്കുള്ള ധന സഹായം- ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ (പ്രൊജക്ട് നമ്പർ. 286/22) എന്ന പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തിലെ ഡയാലിസിസ് ചെയ്യുന്ന വൃക്കരോഗികൾക്ക് ജില്ലാ പഞ്ചായത്ത് മുഖേന ധനസഹായം നൽകുന്നതിനായി താഴെ പറയും പ്രകാരം ജില്ലാ പഞ്ചായത്തിന് തുക നൽകിയിട്ടുണ്ട്.

| നൽകിയതുക | വൌച്ചർ നമ്പർ | ഫണ്ട് |
|---|---|---|
| 240000 | 22101222/01.03.2022 | തനത് ഫണ്ട് |

മേൽ തുക വിനിയോഗിച്ചതിന്റെയോ അല്ലാത്ത പക്ഷം ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ തിരികെ അടവാക്കിയതിൻെയോ വിവരം ഫയലിൽ ലഭ്യമല്ല. തുക വിനിയോഗ വിവരമോ അല്ലാത്ത പക്ഷം തുക തിരികെ അടവാക്കിയതിന്റെ വിവരമോ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ആയത് ലഭ്യമാകുന്നത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.
ഇത് സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി (നമ്പർ-26/06.03.2023)ക്ക് മറുപടി ലഭ്യക്കിയിട്ടില്ല.

## 1-33 തൃത്തല്ലൂർ അങ്കൺവാടി ചുറ്റുമതിൽ നിർമ്മാണം, റൂഫിംഗ് -കരാറുകാരന് അധികം നൽകിയത് 5032 രൂപ

പ്രോജക്റ്റ് - SO87/22

ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ് (NR)

ബിൽ - 22150552034001269601/8.3.22 -336863

എം. ബുക്ക് - 153/20-21

കരാർ - 63/29.1.22 (Estimate Rate)

മൂല്യനിർണ്ണയം - 336863

കരാറുകാരൻ - AP.പ്രകാശൻ

Cost Index -36.44% (DSoR 2018)

സാങ്കേതിക അനുമതി- 78152/11.1.22 (4,00,000)

Esti. No.- 2021/109994

അസി.എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രവൃത്തിയുടെ ഭാഗമായി ഇനം 8 പ്രകാരമുള്ള സ്റ്റീൽ വർക്ക് പ്രവൃത്തികൾക്ക് DAR Code 10.16.1 കോഡ് (MS പൈപ്പ്) പ്രകാരമുള്ള 169.87/kg നിരക്കാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തിയിൽ ചെയ്തിട്ടുള്ളത് GI പൈപ്പ് ഉപയോഗിച്ചുകൊണ്ടുള്ള സിംഗിൾ സെക്ഷൻ പ്രവൃത്തിയായതിനാൽ അനുവദിക്കാവുന്ന നിരക്ക് DAR Code 50.10.2 കോഡ് പ്രകാരമുള്ള 153.29/kg രൂപയാണ്. പ്രവൃത്തികളിൽ ചെയ്തിട്ടുള്ളത് GI പൈപ്പ് ഉപയോഗിച്ച് കൊണ്ടുള്ള സിംഗിൾ സെക്ഷൻ പ്രവൃത്തിയാണെന്ന് 6.3.23 ന് ഗ്രാമ പഞ്ചായത്ത് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധന നടത്തിയതിൽ ബോധ്യപ്പെട്ടു. തെറ്റായ കോഡ് അനുവദിച്ചത് വഴി കരാറുകാരന് അധിക തുക നൽകാനിടയായി. വിശദ വിവരം ചുവടെ

| അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം |
|---|---|---|
| 270.97 Kg X 169.87/kg = 46029.67 | 270.97 Kg X 153.29/kg = 41536.99 | 5032<br>(4493+12% GST) |

ഈ ഇനത്തിൽ അധിക നിരക്ക് നൽകിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (28/7.3.23) മറുപടി ലഭ്യമാക്കിയിട്ടില്ല. നഷ്ട തുക പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അസി.എഞ്ചിനീയറിൽ നിന്നും ചെക്ക് മെഷർ ചെയ്ത അസി.എക്സി.എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 1-34 65 ാം നമ്പർ (വാർഡ് 10) അങ്കൺവാടി ചുറ്റുമതിൽ നിർമ്മാണം ,ഗേറ്റ് സ്ഥാപിക്കൽ -കരാറുകാരന് അധികം നൽകിയത് 16014 രൂപ

പ്രോജക്റ്റ് - SO140/22

ഫണ്ട് - ധനകാര്യ കമ്മീഷൻ ഗ്രാന്റ് + മെയിന്റനൻസ് ഗ്രാന്റ് ((NR)

ബിൽ - 22150552034001407475/22.3.22 (MG(NR)-122182

വൗച്ചർ -XVFC/21-22/P87/28.3.22 -188942

എം. ബുക്ക് - 187/20-21

കരാർ - 07/31.1.22 (Estimate Rate)

മൂല്യനിർണ്ണയം - 311124

കരാറുകാരൻ - ഗോപി.P

Cost Index -36.44% (DSoR 2018)

സാങ്കേതിക അനുമതി- 61440/11.1.22 (312162)

Esti. No.- 20 21/98104

അസി.എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രവൃത്തിയുടെ ഭാഗമായി ഇനം 8 പ്രകാരം ചെയ്ത സ്റ്റീൽ വർക്ക് പ്രവൃത്തികൾക്ക് ട്രസ്സ് വർക്ക് ചെയ്യുന്നതിനുള്ള DAR 10.16.1 കോഡ് (MS പൈപ്പ്) പ്രകാരമുള്ള നിരക്കാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തിയിൽ ചെയ്തിട്ടുള്ളത് ലാറ്ററൈറ്റ് പില്ലറിലേക്ക് 3 എണ്ണം GI സ്വയർ പൈപ്പുകൾ (50x25x1.50) ഹൊറിസോണ്ടൽ (Intermediate Horizondal) ആയി നേരിട്ട് സ്ഥാപിക്കുയാണ് (Without Welding).(30 മീറ്റർ ഇടവേളകളിലായി 3 GI സ്വയർ പൈപ്പുകൾ, 12 മീറ്റർ ഇടവേളകളിലായി 3 GI സ്വയർ പൈപ്പുകൾ) എന്നിങ്ങനെയാണ് ലാറ്ററൈറ്റ് പില്ലറിലേക്ക് സ്ഥാപിച്ചിട്ടുള്ളത്. ഇക്കാര്യം 6.3.23 ന് ഗ്രാമ പഞ്ചായത്ത് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധന നടത്തിയതിൽ ബോധ്യപ്പെട്ടു.

ഈ പ്രവൃത്തിക്ക് അനുവദിക്കാവുന്നത് DAR 10.1 പ്രകാരമുള്ള നിരക്കാണ്. തെറ്റായ കോഡ് അനുവദിച്ചത് വഴി കരാറുകാരന് അധിക തുക നൽകാനിടയായി. വിശദ വിവരം ചുവടെ

| അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം |
|---|---|---|
| 210.42 Kg X 169.87/kg = 35744.05 | 210.42 Kg X 101.92/kg = 21446 | 16014<br>(14298+12% GST) |

ഈ ഇനത്തിൽ അധിക നിരക്ക് നൽകിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (29/7.3.23) മറുപടി ലഭ്യമാക്കിയിട്ടില്ല. നഷ്ട തുക പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അസി.എഞ്ചിനീയറിൽ നിന്നും ചെക്ക് മെഷർ ചെയ്ത അസി.എക്സി.എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 1-35 സിമന്റ് കോൺക്രീറ്റ് - അധിക നിരക്ക് നൽകി- കരാറുകാർക്ക് അധികം നൽകിയത് 13,152 രൂപ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തികളിൽ ഡ്രൈനേജിന്റെ / സൈഡ് കെട്ടിന്റെ ഭാഗമായി ബെഡ് കോൺക്രീറ്റ് ചെയ്തതിന് MoRD സ്പെസിഫിക്കേഷൻ കോഡ് 11.4.1.1 പ്രകാരമുള്ള നിരക്കാണ് നല്കിയിട്ടുള്ളത്. ഈ ഡാറ്റയിൽ സെന്ററിങ് & ഷട്ടറിങ് പ്രവൃത്തിക്കുള്ള നിരക്കും ഉൾപെടുന്നുണ്ട്. എന്നാൽ ഈ പ്രവൃത്തികളിൽ ഡ്രൈനേജിന് വേണ്ടി മണ്ണ് കിളച്ചെടുത്ത പ്രതലത്തിൽ അതേ

അളവിലാണ് (നീളം, വീതി) ബെഡ് കോൺക്രീറ്റ് ചെയ്തിട്ടുള്ളത് എന്നതിനാൽ ഇവിടെ സെന്ററിങ് & ഷട്ടറിങ് പ്രവൃത്തി ആവശ്യമായി വരുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|---|
| 1 | വെളിച്ചെണ്ണപറമ്പ് എരഞ്ഞിക്കാട്ട് പടി റോഡ് മെയിന്റനൻസ് (SO106/22)<br>ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ് (R)<br>ബിൽ 2115055203400179274/22.2.2022 തുക 497925<br>മൂല്യനിർണ്ണയം - 497925<br>സാങ്കേതികാനുമതി 28277/13.9.2021 (498000)<br>എസ്റ്റി.നമ്പർ -2021/63338<br>കരാർ 51/31.12.2021 (എസ്റ്റിമേറ്റ് റേറ്റ്)<br>കോൺട്രാക്ടർ. ശ്രീ.അബൂബക്കർ. P<br>അളവ് പുസ്തകം 143/20-21<br>കോസ്റ്റ് ഇൻഡക്സ് 31.06% | 9.676 $M^3$ ( Item 2) | 67485.55<br>@6974.53/$m^3$ | 64889.96<br>@6706.28/$m^3$ | 2908<br>(2596+12%GST) |
| 2 | അമ്മോത്ത് തോട് ഡ്രെയിൻ നിർമ്മാണം (SO154/22)<br>ഫണ്ട് - ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>വൗച്ചർ -22101450 /23.3.2022 തുക 51431<br>മൂല്യനിർണ്ണയം - 51431<br>സാങ്കേതികാനുമതി 10547/14.7.2021 (1,00,000)<br>എസ്റ്റി.നമ്പർ -2021/50124<br>കരാർ 57/6.1.2022 (എസ്റ്റിമേറ്റ് റേറ്റ്)<br>കോൺട്രാക്ടർ. ശ്രീ.സിദ്ധീക്ക്.UV<br>അളവ് പുസ്തകം 175/20-21<br>കോസ്റ്റ് ഇൻഡക്സ് 31.06% | 1.21 $M^3$ ( Item 2) | 8439.18<br>@6974.53/$m^3$ | 8114.59<br>@6706.28/$m^3$ | 364<br>(325+12%GST) |
| 3 | മുട്ടന്നൂർ ജുമ മസ്ജിദ് റോഡ് പുനരുദ്ധാരണം (SO104/22)<br>ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ് (R)<br>ബിൽ-2115055203400143962/ 17.2.2022 തുക 494930<br>മൂല്യനിർണ്ണയം - 494930<br>സാങ്കേതികാനുമതി 20815/10.8.2021 (495000) | 13.204 $M^3$ Item 2) | 92091.69<br>@6974.53/$m^3$ | 88549.72<br>@6706.28/$m^3$ | 3967<br>(3542+ 12%GST) |

| | | | | | | | |
|---|---|---|---|---|---|---|---|
| | | എസ്റ്റി.നമ്പർ -2021/43852<br>കരാർ - 49/31.12.2021 (എസ്റ്റിമേറ്റ് റേറ്റ്)<br>കോൺട്രാക്ടർ. ശ്രീ.അബൂബക്കർ.P<br>അളവ് പുസ്തകം 123/20-21<br>കോസ്റ്റ് ഇൻഡക്സ് 31.06% | | | | | |
| | 4 | വെളിച്ചെണ്ണപറമ്പ് എരഞ്ഞിക്കാട്ട് പടി ഡ്രൈനേജ് നിർമ്മാണം (SO206/22)<br>ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ് (R)<br>ബിൽ 21150552034001179192 /22.2.2022 തുക 199365<br>മൂല്യനിർണ്ണയം - 199365<br>സാങ്കേതികാനുമതി 13789/18.5.2020 (200000)<br>എസ്റ്റി.നമ്പർ -2020/35173<br>കരാർ 17/9.9.2020 (എസ്റ്റിമേറ്റ് റേറ്റ്)<br>കോൺട്രാക്ടർ. ശ്രീ.അബൂബക്കർ. P<br>അളവ് പുസ്തകം 145/20-21<br>കോസ്റ്റ് ഇൻഡക്സ് 31.06% | 3.91 $M^3$ ( Item 2) | 27270.41<br>@6974.53/$m^3$ | 26221.55<br>@6706.28/$m^3$ | 1175<br>(1049+12%GST) | |
| | 5 | എടക്കാട് ജുമാമസ്ജിദ് ഡ്രൈനേജ് ( SO90/22)<br>ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ് (R)<br>ബിൽ - 21150552034001269574 /8.3.2022 തുക 299540<br>മൂല്യനിർണ്ണയം - 299540<br>സാങ്കേതികാനുമതി 74404/12.1.2022 (300000)<br>എസ്റ്റി.നമ്പർ -2021/109999<br>കരാർ 46/28.1.2022 (എസ്റ്റിമേറ്റ് റേറ്റ്)<br>കോൺട്രാക്ടർ. ശ്രീ.KV.ദിവാകരൻ<br>അളവ് പുസ്തകം 160/20-21<br>കോസ്റ്റ് ഇൻഡക്സ് 36.44% | 5.95 $M^3$ ( Item 2) | 46657.94<br>@7841.67/$m^3$ | 44863.41<br>@7540.07/$m^3$ | 2010<br>(1795+12%GST) | |
| | 6 | മണ്ടൽചാൽ ബണ്ടിന് റാമ്പ് നിർമ്മാണം (SO250/22)<br>ഫണ്ട് - വികസനഫണ്ട് (G)<br>ബിൽ - 21150552034001 144063 /17.2.2022 തുക 249942<br>മൂല്യനിർണ്ണയം - 249942 | 2.40 $M^3$ ( Item 2) | 18820.01<br>@7841.67/$m^3$ | 18096.16<br>@7540.07/$m^3$ | 811<br>(724+12%GST) | |

| | | | | | |
|---|---|---|---|---|---|
| | സാങ്കേതികാനുമതി 56784/7.11.2021 (2,50,000)<br>എസ്റ്റി.നമ്പർ -2021/93094<br>കരാർ 43/27.12.2021 (എസ്റ്റിമേറ്റ് റേറ്റ്)<br>കോൺട്രാക്ടർ. ശ്രീ.AP.പ്രകാശൻ<br>അളവ് പുസ്തകം 137/20-21<br>കോസ്റ്റ് ഇൻഡക്സ് 36.44% | | | | |
| 7 | മാമന്റെ പറമ്പ് ഡ്രൈനേജ് റിപ്പയർ (SO248/22)<br>ഫണ്ട് - ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>വൗച്ചർ - 21101438/22.3.2022 തുക 199562<br>മൂല്യനിർണ്ണയം - 199562<br>സാങ്കേതികാനുമതി 58894/18.11.2021 (2,00,000)<br>എസ്റ്റി.നമ്പർ -2021/95557<br>കരാർ 2(b)/28.11.2021 (എസ്റ്റിമേറ്റ് റേറ്റ്)<br>കോൺട്രാക്ടർ. ശ്രീ.AP.പ്രകാശൻ<br>അളവ് പുസ്തകം 151/20-21<br>കോസ്റ്റ് ഇൻഡക്സ് 36.44% | 2.057 $M^3$ ( Item 2) | 16130.31<br>@7841.67/$m^3$ | 15509.92<br>18096.16<br>@7540.07/$m^3$ | 694<br>(620+12%GST) |
| 8 | ആറ്റുപുറം മണ്ടകത്തിങ്ങൽ ഇറിഗേഷൻ കനാൽ നവീകരണം (SO247/22)<br>ഫണ്ട് - ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>വൗച്ചർ - 21101437/22.3.2022 തുക 299636<br>മൂല്യനിർണ്ണയം - 299636<br>സാങ്കേതികാനുമതി 59108/18.11.2021 (3,00,000)<br>എസ്റ്റി.നമ്പർ -2021/95271<br>കരാർ 16/6.12.2021 (എസ്റ്റിമേറ്റ് റേറ്റ്)<br>കോൺട്രാക്ടർ. ശ്രീ.മുഹമ്മദ് പാക്കിനി<br>അളവ് പുസ്തകം 130/20-21<br>കോസ്റ്റ് ഇൻഡക്സ് 36.44% | 3.62 $M^3$ ( Item 2) | 28386.85<br>@7841.67/$m^3$ | 27295.05<br>@7540.07/$m^3$ | 1223<br>(1092+12%GST) |
| | | | | | |
| | ആകെ | | | | 13152 |

ഈ ഇനത്തിൽ അധിക നിരക്ക് നൽകിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ

ഓഡിറ്റ് അന്വേഷണത്തിന് (15/4.3.23) മറുപടി ലഭ്യമാക്കിയിട്ടില്ല. നഷ്ട തുക പ്രവ്യത്തികളുടെ അളവ് രേഖപ്പെടുത്തിയ അസി.എഞ്ചിനീയറിൽ നിന്നും ചെക്ക് മെഷർ ചെയ്ത അസി.എക്സി.എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 1-36 GWLPS റോഡ് കൈവരി സ്ഥാപിക്കൽ പ്രവ്യത്തി- അധിക തുക നൽകി - നഷ്ടം 17503 രൂപ

പ്രോജക്റ്റ് - SO78/22

ഫണ്ട്- മെയിന്റനൻസ് ഗ്രാന്റ് (R)

കരാർ -01/28.11.21 (Estimate Rate)

ബിൽ 21150552034000825225/22.12.21 തുക 268134

മൂല്യനിർണ്ണയം - 268134

അളവ് പുസ്തകം -106/20-21

കരാറുകാരൻ - AP.പ്രകാശൻ

കോസ്റ്റ് ഇൻഡക്സ് 36.44%

എസ്റ്റിമേറ്റ് നമ്പർ – 2021/94968

സാങ്കേതിക അനുമതി - 58484/16.11.21 (3,00,000)

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രവ്യത്തിയിൽ റോഡിന് സൈഡിലൂടെ കൈവരി സ്ഥാപിച്ചതിന്റെ ഭാഗമായി ഇനം 3 പ്രകാരം 1.11 മീറ്റർ ഉയരത്തിൽ 63 Mm GI പോസ്റ്റുകൾ (Round Pipe) 56 എണ്ണം വെർട്ടിക്കൽ ആയി സ്ഥാപിച്ചിട്ടുണ്ട്. ഓരോ പോസ്റ്റുകളും തമ്മിൽ 30 മീറ്റർ ഇടവേളകളുടെ വ്യത്യാസം ഉണ്ട്. ഇതിലേക്ക് ഇനം 4 ആയി 40x20x1.50 സൈസിലുള്ള സ്ക്വയർ GI പൈപ്പുകൾ 4 വരികളിലായി (Intermediate Rail) ഹൊറിസോണ്ടൽ ആയി വെൽഡ് ചെയ്ത് പിടിപ്പിച്ചിട്ടുണ്ട്. പോസ്റ്റുകളുടെ അടിഭാഗം കോൺക്രീറ്റ് ചെയ്ത് പിടിപ്പിക്കുകയും പെയിന്റിംഗ് ചെയ്യുകയും GI പോസ്റ്റിന് ഉൾവശം കോൺക്രീറ്റ് നിറക്കുകയും ചെയ്തിട്ടുണ്ട്.

ഇനം 3 ന് DAR 10.16.1 പ്രകാരമുള്ള നിരക്ക് പ്രകാരം അനുവദിച്ച തുക

229.99 Kg X 169.87/kg = 39068.40

ഇനം 4 ന് DAR 50.10.2 പ്രകാരമുള്ള നിരക്ക് പ്രകാരം അനുവദിച്ച തുക

1115.44 Kg X 153.29/kg = 170985.80

ഗ്രാമ പഞ്ചായത്ത് ഓവർസിയറുടെ സാന്നിധ്യത്തിൽ 6.3.2023 ന് സ്ഥലപരിശോധന നടത്തിയപ്പോൾ 63 Mm GI Pipe പോസ്റ്റുകൾ 56 എണ്ണം സ്ഥാപിച്ചതായി ബോധ്യപ്പെട്ടു. ഇനം 4 പ്രകാരം അനുവദിച്ച നിരക്കിൽ വെൽഡിംഗ് ചാർജ്ജ് ഉൾപ്പെടുന്നതിനാൽ ഇനം 3 ന് അനുവദിക്കാവുന്നത് DAR Code 10.1 പ്രകാരമുള്ള നിരക്കാണ്.

അനുവദിക്കാവുന്ന തുക താഴെ പറയുന്നു.

229.99 Kg X 101.92/kg = 23440.58

കരാറുകാരന് അധികം അനുവദിച്ചത് - 39068.40 – 23440.58 = 15628 + 12 GST = 17503

ഈ ഇനത്തിൽ അധിക നിരക്ക് നൽകിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (30/7.3.23) മറുപടി ലഭ്യമാക്കിയിട്ടില്ല. നഷ്ട തുക പ്രവ്യത്തിയുടെ അളവ് രേഖപ്പെടുത്തിയ അസി.എഞ്ചിനീയറിൽ നിന്നും ചെക്ക് മെഷർ ചെയ്ത അസി.എക്സി.എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 1-37 വി.സി.ബി കളുടെ പരിപാലനം - അധിക നിരക്ക് നൽകി-കരാറുകാരന് അധികം നൽകിയത് - 48270 രൂപ

അസി.എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വി.സി .ബി കളുടെ പരിപാലനം എന്ന പ്രവ്യത്തിയുടെ ഭാഗമായി മഴക്കാലത്ത് തടയണകളിൽ ഉപ്പ് വെള്ളം കയറാതിരിക്കാൻ തോടുകളിൽ മണ്ണ് നിക്ഷേപിച്ചതിനും മൺസൂൺ സമയത്ത് തോടുകളിൽ നിന്ന് മണ്ണ് തിരികെ എടുത്തതിനും യഥാക്രമം ഒബ്സർവ്ഡ് ഡാറ്റ 50.2.25.1, DSR 2.8.1, പ്രകാരമുള്ള നിരക്കുകളാണ് നൽകിയിട്ടുള്ളത്. രണ്ട് ഇനങ്ങളും ട്രഞ്ച്, പ്ലിന്ത്, ഫൗണ്ടേഷൻ എന്നിവടങ്ങളിൽ ചെയ്യുന്ന പ്രവ്യത്തികളാണ്. ഈ പ്രവ്യത്തി ഓപ്പൺ സ്പെയ്സിൽ ആയതിനാൽ ഒബ്സർവ്ഡ് ഡാറ്റ 50.2.26.1 പ്രകാരമുള്ള നിരക്കും, DSR കോഡ് 2.6.1 പ്രകാരമുള്ള നിരക്കുമാണ് നൽകേണ്ടത്.

DSR 2.8.1 കോഡ് പ്രകാരം മണ്ണ് കിളച്ചെടുത്ത ശേഷം Dressing If Sides And Ramming Of Bottom എന്നിവ ചെയ്യേണ്ടതുണ്ട്. എന്നാൽ മഴ പെയ്യുന്ന കാലമായതിനാൽ ഇത് ആവശ്യമില്ലാത്തതും പ്രത്യേക പ്രയോജനമൊന്നും ഇല്ലാത്തതുമാണ്. ആയതിനാൽ ഇവിടെ DSR കോഡ് 2.6.1 പ്രകാരമുള്ള ഇനമാണ് ഇവിടെ അനുവദനീയമായിട്ടുള്ളത്.

തെറ്റായ കോഡ് പ്രകാരമുള്ള നിരക്ക് നൽകിയത് വഴി പ്രവൃത്തിയിൽ നഷ്ടം സംഭവിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം, അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം 12% GST അടക്കം) |
|---|---|---|---|---|
| വി.സി.ബി കളുടെ പരിപാലനം (18/22)<br>ഫണ്ട് - വികസനഫണ്ട് (G)<br>ബിൽ 2115055203400179270/22.2.22 തുക 167656<br>മൂല്യനിർണ്ണയം - 167656<br>കരാർ 32/27.12.2021 (എസ്റ്റിമേറ്റ് നിരക്ക്)<br>കരാറുകാരൻ . എ.പി. പ്രകാശൻ<br>സാങ്കേതിക അനുമതി- 45204/16.10.21<br>എസ്റ്റി.നമ്പർ-2021/19368<br>അളവ് പുസ്തകം 138/20-21<br>കോസ്റ്റ് ഇൻഡക്സ് 31.06% | എർത്ത് വർക്ക് 232.82$m^3$ | 50773.39 @218.08/$m^2$ | 38431.59 @165.07/$m^2$ | 12342 |
| | എർത്ത് ഫില്ലിങ് 209.538$m^3$ | 85474.74 @ 407.92/$m^3$ | 54718.75 @261.14/$m^3$ | 30756 |
| ആകെ | | | | 48270 (43098+12 GST) |

ഈ ഇനത്തിൽ അധിക നിരക്ക് നൽകിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/4.3.23) മറുപടി ലഭ്യമാക്കിയിട്ടില്ല. നഷ്ട തുക പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറിൽ നിന്നും സാങ്കേതികാനുമതി നൽകിയ അസി.എക്സി.എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 1-38 അങ്കൺവാടി നമ്പർ 55 പുനരുദ്ധാരണം -ചെയ്യാത്ത പ്രവൃത്തികൾക്ക് തുക നൽകി -മറ്റ് അപാകതകൾ- കരാറുകാരന് അധികം നൽകിയത് 18737 രൂപ

പ്രോജക്റ്റ് - S063/22

ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ് (NR)

ബിൽ - 2215055203400179267/22.2.22 -288211

എം. ബുക്ക് - 133/20-21

കരാർ - 10/2.12.21 (Estimate Rate)

മൂല്യനിർണ്ണയം - 288211

കരാറുകാരൻ - ബാബുരാജ്. K

Cost Index -31.06% (DSoR 2016)

സാങ്കേതിക അനുമതി- 26005/3.9.21 (3,00,000)

Esti. No.- 2021/68306

അസി.എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രവൃത്തി 6.3.23 ന് ഗ്രാമ പഞ്ചായത്ത് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധന നടത്തിയതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽ പെട്ടു.

